

ജെ. വെട്ടിക്കുഴിച്ചാലിൽ

/220.13
BIB

S. H. LEAGUE

XLII—VII

M/ 220.13
B1B

St. Antony's Monast...
Alwaye, Travancore

വാർഷികവരിസംഖ്യ 75 ന.പൈ.                ഒററപ്രതിക്കു് 13 ന.പൈ.

...LACKAL JEEVASS
LIBRARY
16360

# S. H. LEAGUE

പുസ്തകം 42          ജൂലൈ 1961          ലക്കം 7

# ബൈബിളിലൂടെ

വിശ്വസാഹിത്യത്തിലേ വിളിപ്പെട്ട ഗ്രന്ഥസമുച്ചയങ്ങളിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ഒന്നാണു് ബൈബിൾ. ഇത്രയേറെ പ്രചുരപ്രചാരം ലഭിച്ച ഒരു ഗ്രന്ഥവും വേറില്ല. അതിൻെറ സാന്നിദ്ധ്യത്താൽ പവിത്രമാവാത്ത വീടുകൾ നന്നേ വിരളമാണു്. ഒരു ഗ്രന്ഥശാലയും അതിൻെറ അഭാവത്തിൽ പൂർണ്ണമായിരിക്കുകയില്ല. ഒരു വിദ്യാസ്ഥാപനത്തിനും അതിൻെറ സംസ്കാരകശക്തി അപരിചിതമല്ല.

ഉന്നതരായ ഗവണ്മെൻറുദ്യോഗസ്ഥരും ന്യായാധിപരും രാഷ്ട്രീയജീവിതത്തിൻെറ ഉപരിമണ്ഡലങ്ങളിൽ വിഹരിക്കുന്ന നേതാക്കളും ഭരണധുരന്ധരന്മാരുമെല്ലാം ബൈബിൾതൊട്ടു സത്യപ്രതിജ്ഞ ചെയ്യുന്നു, തങ്ങൾക്കേല്പിക്കപ്പെട്ടിരിക്കുന്ന ജോലി കൃത്യമായും ആത്മാർത്ഥമായും നിർവ്വഹിച്ചുകൊള്ളാമെന്നു്. മററു പുസ്തകങ്ങൾ ചില ജനപദങ്ങളിലും ചില തലമുറകളിലുംമാത്രം പ്രശസ്തിയും പ്രഖ്യാതിയും നേടിയപ്പോൾ, ബൈബിൾ, എല്ലാ തലമുറകളിലും എല്ലാ ജനപദങ്ങളിലും എക്കാലത്തും അതിൻെറ സൽകീർത്തിയും ഉദ്ധാരകമായ സ്വാധീനതയും നിലനിർത്തിപ്പോരുന്നു.

ലോകത്തിലേ കോടാനുകോടി ജനങ്ങൾ അതിനെ ത

ങ്ങളുടെ വിശ്വാസസംഹിതയായും ജീവിതപ്രമാണമായും സ്വീകരിച്ചിരിക്കുന്നു. ജീവനെ പണയപ്പെടുത്തിയും അതിന്റെ ഉള്ളടക്കം സംരക്ഷിക്കുവാനും പ്രായോഗികമാക്കുവാനും അവർ ശ്രമിക്കുന്നു. അത്രമാത്രം സ്നേഹവും വിശ്വാസവുമാണു് അവർ ബൈബിളിൽ അർപ്പിച്ചിട്ടുള്ളതു്.

മറെറാരു ഗണം അതിനെ വേറെ ചില പൗരാണികഗ്രന്ഥങ്ങളെപ്പോലെ വെറും ഇതിഹാസമായും ബാലിശമായ ഭാവന വിരചിച്ച മുത്തശ്ശിക്കഥകളായും കണക്കാക്കുകയും വിദ്വേഷത്താൽ കലുഷിതമായ കണ്ണുകൾകൊണ്ടു് എപ്പോഴും നോക്കിക്കാണുകയും ചെയ്യുന്നു. ബൈബിളിൽ ദൈവത്തിന്റെ പ്രവർത്തനം നടന്നിട്ടില്ലെന്നു് അവർ വാദിക്കുന്നു. സിസറോയുടെയോ ഹോമറിന്റെയോ പോലുള്ള ഒരു ഗ്രന്ഥമാണു് ബൈബിൾ. വല്ല പുരാണങ്ങൾക്കും കല്പിക്കുന്നതുപോലുള്ള വിലയേ അതിനും നല്കേണ്ടതുള്ളൂ. ഇങ്ങനെപോകുന്നു യുക്തിവാദികളും പുരോഗമനക്കാരുമായ ശത്രുസേനയിലെ പുതിയ കുപ്പിണിയുടെ വാദഗതി.

ഏതായാലും ഒരുകാര്യം വ്യക്തമാണു്. ബൈബിൾസ്നേഹികളും ബൈബിൾദ്വേഷികളും വേറേതൊരു ഗ്രന്ഥത്തിലുമെന്നതിനെക്കാൾ ശ്രദ്ധ ബൈബിളിൽ ചെലുത്തുന്നുണ്ടു്. ഇതിന്റെ പേരിൽ ചൂടുപിടിച്ച വാദപ്രതിവാദങ്ങളും വാശിയേറിയ ഏററുമുട്ടലുകളും വളരെ നടന്നിട്ടുണ്ടു്. എങ്കിലും, ലക്ഷോപലക്ഷം ജനങ്ങളിൽ ഒരു മഹാഭൂരിപക്ഷത്തിനും ബൈബിൾ എന്താണെന്നു പറയുവാൻ കഴിയുകയില്ല. അതുകൊണ്ടാണു് ബൈബിളിന്റെ അത്ഭുതകരമായ കഥ നമ്മുടെ പരിചിന്തനത്തിനു വിധേയമാക്കപ്പെട്ടിരിക്കുന്നതു്.

## എന്താണു ബൈബിൾ?

പുസ്തകങ്ങളുടെ പുസ്തകം എന്നർത്ഥംവരുന്ന 'ബിബ്ളിയ' എന്ന ഗ്രീക്കുപദത്തിൽനിന്നാണു വേദപുസ്തകത്തിനു

ബൈബിൾ എന്ന പേരു ലഭിച്ചതു്. ബൈബിൾ ഒററപ്പുസ്തകമല്ല. പലരാൽ പലപ്പോൾ എഴുതപ്പെട്ട എഴുപത്തിരണ്ടോളം പുസ്തകങ്ങളുടെ ഒരു സമാഹാരമാണു്. പഴയനിയമഗ്രന്ഥങ്ങളെന്നും പുതിയനിയമഗ്രന്ഥങ്ങളെന്നും ഇവ വിഭജിക്കപ്പെട്ടിരിക്കുന്നു. പഴയനിയമത്തിൽ 45-ഉം പുതിയനിയമത്തിൽ 27-ഉം ഗ്രന്ഥങ്ങളുണ്ടു്. പഴയനിയമം സൃഷ്ടിമുതൽ ക്രിസ്തുവിൻെറ ആഗമനംവരെയുള്ള കാര്യങ്ങളെക്കുറിച്ചും പുതിയനിയമം ക്രിസ്തുവിൻെറ ആഗമനംമുതൽ സഭാസ്ഥാപനംവരെയുള്ള കാര്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു.

ഈ പുസ്തകങ്ങളെല്ലാം എഴുതിയതു മൂശമുതൽ യോഹന്നാൻവരെയുള്ള ദൈവനിവേശിതരാണു്. ഹീബ്രു, അരമായിക്ക്, ഗ്രീക്കു് എന്നീ ഭാഷകളിൽ പല കാലങ്ങളിലും സ്ഥലങ്ങളിലും സാഹചര്യങ്ങളിലുമായി നൂററാണ്ടുകളുടെ ഇടകൊണ്ടത്രേ ഈ ഗ്രന്ഥനിർമ്മിതി സാധിച്ചതു്. മിക്കവയുടേയും മൂലഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു; പലതിൻേറയും വിവർത്തനങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളു.

ഈ പുസ്തകങ്ങൾക്കെല്ലാം ഒരു പ്രധാന കർത്താവുണ്ടു്: ദൈവമായ റൂഹാദക്കുദിശാ. ഒരാളിൽ ഇവയെല്ലാം കേന്ദ്രീകരിച്ചിരിക്കുന്നു: മനുഷ്യകുലപരിത്രാണകനായ ഈശോമിശിഹായിൽ. ഒരു സ്വർണ്ണനൂൽ ഇതിലേ ആശയങ്ങളെയെല്ലാം ബന്ധിക്കുന്നു: ദൈവനിവേശനമാകുന്ന അദൃശ്യശക്തി. അപ്പോൾ, എന്താണു ബൈബിൾ? സൃഷ്ടിമുതൽ രാജാക്കന്മാർവരെ, ജോബുമുതൽ പ്രാസംഗികൻവരെ, ഐസയാസ്മുതൽ മലാക്കിവരെ, മത്തായിമുതൽ വെളിപാടുവരെ ഇന്നലെയും ഇന്നും എന്നേയ്ക്കും ജീവിക്കുന്ന ലോകരക്ഷകനായ ക്രിസ്തുവിനെ കേന്ദ്രീകരിച്ചു് എഴുതപ്പെട്ടിരിക്കുന്ന ഒരു വിശിഷ്ടഗ്രന്ഥം; മനുഷ്യരാശിയെ ഉന്നി ദൈവം ചെയ്യുന്ന കാര്യങ്ങളുടെ, പ്രധാനമായും ക്രിസ്തുവിൻെറ ആഗമനത്തിനു മുമ്പും പിമ്പും ഉണ്ടായ കാര്യങ്ങളുടെ ഒരു റിക്കാർഡു്.

ബൈബിളിലേ ഭാഷ ലളിതവും അനാർഭാടവുമാണു്. അനുവാചകരുടെ ശ്രദ്ധയെ അള്ളിപ്പിടിക്കുന്ന ഒരു ഭാഷാ ശൈലിയില്ല, ബൈബിളിൽ. കോരിത്തരിപ്പിക്കുന്ന സമരവർണ്ണനകളോ രോമഞ്ചംകൊള്ളിക്കുന്ന പ്രേമകഥകളോ അല്ല, പ്രതിപാദ്യം. പ്രത്യുത, ലോകപരിത്രാണകനായ ക്രിസ്തുവിൻെറ സജീവചിത്രങ്ങളാണു് ബൈബിളിൽ നാം ദർശിക്കുന്നതു്.

## മററു പുസ്തകങ്ങളിൽനിന്നുള്ള വ്യത്യാസം

മററുപുസ്തകങ്ങളെല്ലാം മനുഷ്യരാൽ നിർമ്മിക്കപ്പെട്ടതാണു്. മനുഷ്യമനീഷയാണു് അവയിൽ പ്രവത്തിച്ചതു്, പ്രവത്തിക്കുന്നതു്. മനുഷ്യൻ മനുഷ്യനോടു സംസാരിക്കുകയാണു്. ബൈബിൾപ്പുസ്തകങ്ങൾ അപ്രകാരമല്ല. താൻ ആവിഷ്കരിക്കണമെന്നുദ്ദേശിച്ച കാര്യങ്ങൾ ഉദ്ദേശിച്ച രീതിയിൽ ആവിഷ്കരിക്കുവാനായി ദൈവം മനുഷ്യരിലൂടെ മനുഷ്യരോടു സംസാരിക്കുകയാണു്. ദൈവത്തിൻെറ ശക്തിയത്രേ അവയിൽ പ്രവത്തിക്കുന്നതു്.

മനുഷ്യരുടെ ഭാഷയിൽ മനുഷ്യരാൽ എഴുതപ്പെട്ടതെങ്കിലും അവ ദൈവവചനമാകുന്നു. അതായതു്, ദൈവമാണു് അവ എഴുതുവാൻ മനുഷ്യനു പ്രേരണ നല്കിയതു്, പ്രചോദനം കൊടുത്തതു്. ദൈവത്തിൻെറ ഈ പ്രേരണ, ഈ പ്രചോദനം, സ്വർഗ്ഗീയമായ ഈ സഹായവും സംരക്ഷണവും ബൈബിൾ മുഴുവനിലും ഓരോ പുസ്തകത്തിലും ഉണ്ടു്.

എന്നാൽ, തൻെറ ആശയങ്ങളുടെ വിനിമയത്തിൽ ഒരു നീതിയും ദൈവം യാതൊരെഴുത്തുകാരനോടും കാണിച്ചിട്ടില്ല. ഭാഷയിലും ഭാവനയിലും അറിവിലും ആവിഷ്കരണരീതിയിലും തൻേറതായ പ്രത്യേകതകൾ ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഓരോരുത്തനുമുണ്ടായിരുന്നു. അക

യാലത്രേ വിഭിന്നങ്ങളായ ചിന്താഗതികളും അവയുടെ വ്യക്തമായ പ്രകടനങ്ങളും ഓരോ പുസ്തകത്തിലും നമുക്കു ദർശിക്കുവാൻ സാധിക്കുന്നതു്.

## എന്തുകൊണ്ടു വിശ്വസിക്കണം?

ബൈബിളിൽ വിശ്വസിക്കുന്നതെന്തുകൊണ്ടു് എന്ന ചോദ്യത്തിനു ശരിയായ ഉത്തരം നല്കാൻ ഒരു കത്തോലിക്കനു യാതൊരു പ്രയാസവുമില്ല. രണ്ടു മൂന്നു കാരണങ്ങളാണു് ഒരുവനു ചൂണ്ടിക്കാണിക്കുവാനുള്ളതു്. ഒന്നാമതു്, ബൈബിൾ ലക്ഷണയുക്തമായ ചരിത്രരേഖയാണു്. ബൈബിളിന്റെ ആദ്യത്തേതുമുതൽ അവസാനത്തേതുവരെയുള്ള പുസ്തകങ്ങൾ എഴുതിയതു് ആരെല്ലാമെന്നും എപ്പോഴൊക്കെയാണെന്നും അവനറിയാം. ഗ്രന്ഥകർത്താക്കളുടെ സത്യസന്ധതയേയും, എഴുതുന്ന കാര്യങ്ങളെക്കുറിച്ചു് അവർക്കുള്ള അറിവിനേയും ആരും ചോദ്യം ചെയ്യുന്നില്ല. അവർ എഴുതിയ ഗ്രന്ഥങ്ങൾ സാരമായ യാതൊരു വ്യത്യാസവുംകൂടാതെ നമുക്കു കൈവന്നിട്ടുണ്ടുതാനും. അപ്പോൾ, പുരാതന ഗ്രന്ഥകാരന്മാരായ സീസർ, ടാസിററസ്, വേർജിൽ, കാളിദാസൻ മുതലായവരുടെ കൃതികൾക്കു കൊടുക്കുന്നത്രയെങ്കിലും ചാരിത്രികമൂല്യവും വിശ്വാസ്യതയും നാം ബൈബിളിനും കൊടുക്കണം. ചുരുക്കത്തിൽ യുക്തിയും വിമർശനവിദ്യയും വിധിക്കുന്ന അകൃത്രിമത, അവികലത, വാസ്തവികത എന്നീ ഗുണങ്ങൾ ബൈബിളിനുമുണ്ടു്. അതുകൊണ്ടു് അതിന്റെ സാക്ഷ്യം, ദൈവനിവേശനത്തെക്കൂടി സ്വർശിക്കുന്ന സാക്ഷ്യം സയുക്തികം സ്വീകരിക്കുകയും അതിലേ കാര്യങ്ങളിൽ വിശ്വാസമർപ്പിക്കുകയും ചെയ്യാം. (വിശദമായ പ്രതിപാദനത്തിനു "മതം ശാസ്ത്രവേദിയിൽ" 2-ാംഭാഗം p. 169 ff)

രണ്ടാമതു്, ബൈബിൾ ഈശ്വരനിവേശിതമാണു്. എങ്ങനെ ദൈവനിവേശിതമായി എന്നു് പറയുക എളുപ്പമല്ല.

ഒരു സാധനം പ്രഥമവീക്ഷണത്തിൽതന്നെ എന്താണെന്നു പറയാൻ സാധിച്ചേക്കാമെങ്കിലും അതിൻെറ പിന്നിൽ പ്രവർത്തിക്കുന്ന നൂലാമാലപിടിച്ച ഘടകങ്ങൾ ഏവയെന്നു പറയുക വളരെ വിഷമകരമായി അനുഭവപ്പെടാറുണ്ട്. ഉദാഹരണത്തിനു് ഒരു റേഡിയോയുടെ 'മെക്കാനിസം'തന്നെയെടുക്കാം. ഒരു കുട്ടിക്ക് ഒരു റേഡിയോ 'സ്വിച്ചോൺ' ചെയ്യുന്നതിനും അതിൽനിന്നു സ്വരം പുറപ്പെടുവിക്കുന്നതിനും സാധിക്കും. എന്നാൽ അവനോ കലാലയകവാടം വിട്ടിറങ്ങിയ ഒരു അഭ്യസ്തവിദ്യനോ അതിൻെറ ഉള്ളിൻെറ ഉള്ളിലേക്കു കടന്നു് അവിടെ സ്വരം പുറപ്പെടുവിക്കുന്ന ഘടകം ഇന്നതെന്നു പറയുക പ്രയാസമായി അനുഭവപ്പെട്ടേക്കാം. കാരണം, റേഡിയോയെക്കുറിച്ചു് അവനു ലഭിച്ച ജ്ഞാനം പരിമിതമാണു്. എങ്കിലും റേഡിയോ സ്വരം പുറപ്പെടുവിക്കുന്നില്ലായെന്നു് അവൻ പറയുന്നില്ല. ഇതുപോലെതന്നെ, ബൈബിൾ എങ്ങനെയാണു ദൈവത്താൽ നിവേശിതമായതെന്നു് പൂർണ്ണമായി മനസ്സിലാക്കാൻ സാധാരണക്കാരനു സാധിക്കാതെ വരാം. എന്നുവച്ചു്, അതു ദൈവനിവേശിതമല്ല എന്നു കാരണസഹിതം പറഞ്ഞുകൂടാ. എന്നാൽ, അതു ദൈവനിവേശിതമെന്നു മതിയായ തെളിവുകളുണ്ടെങ്കിൽ, ദൈവംതന്നെ അതു വെളിപ്പെടുത്തിത്തരുകയാണെങ്കിൽ, ബൈബിളിൽ അവിശ്വസിക്കുക ബുദ്ധിശൂന്യമായിരിക്കും. ബൈബിൾപുസ്തകങ്ങൾ പലതും നിവേശിതമെന്നു കാണിപ്പാൻ ക്രിസ്തുവിൻേറയും അദ്ദേഹത്തിൻെറ ശിഷ്യരുടേയും പലേ വാക്യങ്ങളും പ്രവൃത്തികളും എടുത്തു നിരത്തുന്നതിനു കഴിയും. ബൈബിൾ ദൈവവചനമാണെന്നു ദൈവകുമാരൻതന്നെ ഉറപ്പിച്ചു പറഞ്ഞിട്ടുണ്ടെങ്കിൽ എന്തുകൊണ്ടതിൽ വിശ്വസിച്ചുകൂടാ? ശരിയാണു്, ക്രിസ്തുനാഥൻ പ്രവർത്തിച്ച അത്ഭുതങ്ങൾപോലെ ദൈവനിവേശനം പരസ്യമോ ദൃശ്യമോ ആയ ഒരു പ്രവൃത്തിയല്ല. അത്ഭുതങ്ങൾ കാണികൾക്കു ദർശിക്കുന്നതിനു കഴിയും. മ

റേറതൊരു ചരിത്രയാഥാൎത്ഥ്യത്തിനുമെന്നതുപോലെ അവ യ്ക്കും തെളിവു നല്കുന്നതിനവൎക്കു കഴിയും. ദൈവനിവേശ നം പൂൎണ്ണമായും ഒരദൃശ്യപ്രവൃത്തിയാണു്. "തിരുസ്സഭ യുടെ സാക്ഷ്യമില്ലായിരുന്നു എങ്കിൽ ബൈബിൾ ദൈവഗ്ര ന്ഥമായി ഞാൻ അംഗീകരിക്കുകയില്ല" എന്നു വി. അഗസ്റ്റിൻ പറയുന്നു. ആ കത്തോലിക്കസഭതന്നെ ഇന്നും നമ്മെ ഔദ്യോ ഗികമായി പഠിപ്പിക്കുന്നു, ബൈബിൾ ദൈവനിവേശിതമെ ന്നു്. അതുകൊണ്ടു നാം അതു വിശ്വസിക്കുകയുംചെയ്യുന്നു.

പത്തൊൻപതുനൂററാണ്ടുകൾക്കുമുമ്പ് ദൈവപുത്രൻ മനുഷ്യപുത്രനായി അവതരിച്ചു; അവിടുന്നു ദൈവമാണെന്നവ കാശപ്പെട്ടു; ദൈവത്തിനുമാത്രം സാദ്ധ്യമായ അത്ഭുതപ്രവൎത്ത നങ്ങളാൽ ആ അവകാശം സ്ഥാപിച്ചു; തൻെറ രക്ഷാകരകൃ ത്യം തുടൎന്നുകൊണ്ടുപോകുന്നതിനു് അപ്പസ്തോലന്മാരേയും അ വരുടെ അനുഗാമികളേയും ചുമതലപ്പെടുത്തി; താൻ കല്പിച്ച വ ലോകംമുഴുവനേയും പഠിപ്പിക്കുവാൻ സഭയെ അധികാര പ്പെടുത്തി. ഈ യാഥാൎത്ഥ്യങ്ങൾക്കു ചരിത്രം സാക്ഷ്യം വഹി ക്കുന്നു. അങ്ങനെ ക്രിസ്തുവിൽനിന്നു് അധികാരവും അംഗീ കാരവും ലഭിച്ച കത്തോലിക്കസഭ പഠിപ്പിക്കുന്നു, ബൈ ബിൾ ദൈവനിവേശിതമെന്നു്. അതുകൊണ്ടു നാം ബൈ ബിളിൽ വിശ്വസിക്കുന്നു.

വിശുദ്ധഗ്രന്ഥങ്ങളുടെ ഒരു പൂൎണ്ണമായ ലിസ്റ്റ് ഏ. ഡി. 393-ൽ ഹിപ്പോയിൽവച്ചു നടത്തിയ കൗൺസിൽ തയ്യാറാ ക്കി (Canon 36). 397-ലും 419-ലും കാൎത്തേജിൽവച്ചു നടത്തപ്പെട്ട സൂനഹദോസുകളിൽ ഇതാവൎത്തിക്കപ്പെടുകയും നൂററാണ്ടുകൾക്കുശേഷം ഇതേ ലിസ്റ്റ് ത്രെന്തോസ് സൂനഹ ദോസ് അംഗീകരിക്കുകയുംചെയ്തു. ക്രിസ്തുവിനാൽ സ്ഥാപി തമായ ഒരു സഭയ്ക്കുമാത്രമേ ഇങ്ങനെയൊരു പ്രശ്നം വിജയ പൂൎവ്വം കൈകാര്യം ചെയ്തു തീരുമാനമെടുക്കുവാൻ സാധിക്കു കയുള്ളു. മേല്പറഞ്ഞ സൂനഹദോസുകൾവഴി സഭ ഔദ്യോഗിക മായി ആ പ്രശ്നത്തിനു തീരുമാനമുണ്ടാക്കുകയുംചെയ്തു.

LIBRARY DRAM 16300



# ദൈവനിവേശനത്തിൻെറ സ്വഭാവം

ബൈബിളിൽ നാം വിശ്വസിക്കുന്നതു് അതു് ഈശ്വരനിവേശിതമായതുകൊണ്ടും അപ്രകാരമെന്നു ക്രിസ്തുവിനാൽ അധികാരപ്പെടുത്തപ്പെട്ട തിരുസ്സഭ പഠിപ്പിക്കുന്നതുകൊണ്ടുമാണു്. എന്താണീ ദൈവനിവേശനം? മഹാനായ പതിമൂന്നാം ലെയോ മാർപ്പാപ്പ പറയുന്നു: "ലാററിൻ വുറംഗാത്തായിലും ത്രെന്തോസ് സൂനഹദോസിൻെറ ഡിക്രിയിലും പറഞ്ഞിരിക്കുന്നതുപോലെ, പഴയനിയമത്തിലേയും പുതിയനിയമത്തിലേയും പുസ്തകങ്ങൾ മുഴുവനും പൂർണ്ണമായും അവയുടെ എല്ലാഭാഗങ്ങളോടുംകൂടി കാനോനികവും വിശുദ്ധവുമായി സ്വീകരിക്കപ്പെടേണ്ടവയാണു്. മനുഷ്യപ്രയത്നത്താൽ നിർമ്മിക്കപ്പെട്ടതിനുശേഷം സഭയാൽ അംഗീകരിക്കപ്പെട്ടതുകൊണ്ടോ അവ പ്രമാദരഹിതമായ വെളിപാടിനെ ഉൾക്കൊള്ളുന്നതുകൊണ്ടോ അല്ല സഭ അവയെ കാനോനികവും വിശുദ്ധവുമായി കരുതുന്നതു്; പ്രത്യുത, റൂഹാദക്കുദശായുടെ നിവേശനത്താൽ എഴുതപ്പെട്ടതുകൊണ്ടു്, അവയുടെ കർത്താവു് ദൈവമാകയാലാണു്...............ഒരതിസ്വാഭാവികശക്തിയാൽ ദൈവം അവരെ എഴുതുന്നതിനായി പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയുംചെയ്തു. അവിടുന്നു കല്പിച്ചവയെല്ലാം, അവമാത്രം, അവർ ശരിക്കു ഗ്രഹിക്കുകയും വിശ്വസ്തതയോടുകൂടി എഴുതുന്നതിനു നിശ്ചയിക്കുകയും അവസാനമായി പ്രമാദരഹിതമായ പരമാർത്ഥതയോടെ അനുയോജ്യമായ വാക്കുകളിൽ അവയെ പ്രകാശിപ്പിക്കുകയും ചെയ്യാൻ തക്കവണ്ണം അവിടുത്തെ സാന്നിധ്യം അവർക്കുണ്ടായിരുന്നു. അല്ലാത്തപക്ഷം വിശുദ്ധ ഗ്രന്ഥം മുഴുവൻേറയും നിർമ്മാതാവു് ദൈവമെന്നു പറയുവാൻ കഴിയുമായിരുന്നില്ല" (പതിമൂന്നാം ലെയോ മാർപ്പാപ്പയുടെ പ്രൊവിദെന്തീസിമൂസ് ദേവുസ്—Providentissimus Deus എന്ന ചാക്രികലേഖനം)

അപ്പോൾ, ഈശ്വരനിവേശനത്തെ ഇങ്ങനെ നിർവ്വചിക്കാം: ദൈവം കല്പിച്ചവമാത്രം ആദ്യം ശരിയായി മനസ്സിലാക്കുന്നതിനും പിന്നീട് വിശ്വസ്തതയോടുകൂടി എഴുതുവാൻ ഇച്ഛിക്കുന്നതിനും അവസാനം പ്രമാദരഹിതമായ പരമാത്ഥതയോടുകൂടെ അവ പ്രകാശിപ്പിക്കുന്നതിനും ഗ്രന്ഥകത്താക്കളെ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യുന്ന പരിശുദ്ധാരൂപിയുടെ ഒരതിസ്വാഭാവികശക്തിയാണു ദൈവനിവേശനം. ഈ നിവ്വചനത്തിൽ മൂന്നു പ്രധാന ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. 1) നിവേശനം നല്കുന്നവനായ ദൈവം. 2) നിവേശനം സ്വീകരിക്കുന്നയാൾ, ഗ്രന്ഥകത്താവു്. 3) നിവേശനത്തിൻെറ അന്ത്യം, വേദപുസ്തകം. ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായപ്രകാരം നിവേശനം ത്രിത്വത്തിലേ മൂന്നാളുകളുടേയും ഒരുമിച്ചുള്ള ഒരു പ്രവർത്തനമാണു്. എന്നാൽ, അതു റൂഹാദക്കുദശായുടെ ഒരു പ്രവത്തനമായിട്ടാണു കണക്കാക്കപ്പെടുന്നതു്. ദൈവം മനുഷ്യരുടെമേൽ ചെലുത്തുന്ന ഈ സ്വാധീനത യഥാർത്ഥവും അതേ സമയം അതിസ്വാഭാവികവുമത്രേ.

പാരമ്പര്യവും സഭാപിതാക്കന്മാരും പഠിപ്പിക്കുന്നു, ദൈവമാണു് വിശുദ്ധഗ്രന്ഥകത്താവെന്നു്. ആകയാൽ, ഒരു പുസ്തകമെഴുത്തുകാരൻ ചെയ്യുന്ന പ്രവൃത്തികളൊക്കെയും ദൈവവും ചെയ്യേണ്ടയോ? താൻ എഴുതാൻ പോകുന്നവയെ ഭാവനയിൽ ദർശിക്കുകയും അവ എഴുതുവാൻ ആഗ്രഹിക്കുകയും വേണ്ടയോ? ഇതുപോലുള്ള പ്രശ്നങ്ങൾ ഇവിടെ പ്രസക്തങ്ങളാണു്. എന്നാൽ, ദൈവം ഗ്രന്ഥരചനയിൽ മനുഷ്യരെ ഉപകരണങ്ങളാക്കിയതുകൊണ്ടു് അവരാണു് ഈ പ്രവൃത്തികൾ ചെയ്യേണ്ടതു്. മനുഷ്യൻ സ്വതന്ത്രനായിരിക്കുകയും ദൈവത്തിൻെറ പ്രവത്തനങ്ങൾക്കു കീഴ്പ്പെട്ടിരിക്കുകയുംവേണം.

ബുദ്ധി, മനസ്സ്, ഓർമ്മ, ഭാവന തുടങ്ങിയ മനുഷ്യ

ൻെറ ശ്രേഷ്ഠമായ ശക്തിവിശേഷങ്ങളാണ നിവേശനത്തി ന വിധേയമാകുന്നതു്. എന്തുകൊണ്ടെന്നാൽ, സംഗതികൾ ഗ്രഹിക്കുകയും എഴുതുവാൻ ഇച്ഛിക്കുകയും മനസ്സിൽ സംഗ്ര ഹിക്കുകയും ഭാവവും രൂപവുംകൊടുത്തു് അവയെ അവതരി പ്പിക്കുകയും ചെയ്യാൻ ഈ ഘടകങ്ങൾക്കേ കഴിയുകയുള്ളു. അതുകൊണ്ടു്, ദൈവത്തിൻെറ യഥാൎത്ഥമായ പ്രവൎത്തനം മ നുഷ്യൻെറ മാനസികശക്തികളിൽ നടക്കുന്നില്ലെങ്കിൽ അ തു നിവേശനമെന്ന പേരിനർഹമല്ല.

നിവേശനത്തെക്കുറിച്ചു് ഒരു ചെറിയ വിവരണം ക്രി സ്തുനാഥൻതന്നെ നമുക്കു തരുന്നുണ്ടു്. അവിടുന്നു സ്വശിഷ്യ രെ ധൈര്യപ്പെടുത്തിക്കൊണ്ടു സംസാരിച്ചപ്പോൾ, "എങ്ങ നെ അല്ലെങ്കിൽ എന്തു പറയേണ്ടു എന്നു നിങ്ങൾ വിചാര പ്പെടേണ്ട. നിങ്ങൾ പറയേണ്ടതു് ആ ക്ഷണത്തിൽ നിങ്ങൾ ക്കു നല്കപ്പെടും. എന്തുകൊണ്ടെന്നാൽ, നിങ്ങളല്ല പറയുന്ന തു്; നിങ്ങളുടെ പിതാവിൻെറ ആത്മാവു നിങ്ങൾ മുഖേന പറയുന്നു" (മത്തായി 10: 19-20). അപ്പസ്തോലന്മാർ സം സാരിക്കുന്നു. എന്നാൽ, അവർക്കു് സംസാരിക്കുവാൻ നല്ക പ്പെട്ടവമാത്രം. അവർ സംസാരിക്കുന്നുവെങ്കിലും ദൈവമാണ വരിൽക്കൂടി സംസാരിക്കുന്നതു്.

ബൈബിളിൻെറ ദൈവനിവേശനത്തെ ചോദ്യം ചെ യ്യുവാൻ പത്തൊൻപതാംനൂററാണ്ടിൻെറ സാങ്കേതികവി ജ്ഞാനവും ശാസ്ത്രീയപുരോഗതിയും വഴി തെളിച്ചു. അന്നുവ രെ ബൈബിളിൻെറ ദൈവികസ്വഭാവത്തെ ഉയൎത്തിക്കാ ണിക്കുന്നതിനും അതിലേ മാനുഷികസ്വഭാവത്തിൻെറ പ്രാ ധാന്യം കുറക്കുന്നതിനുമുള്ള ഒരു പ്രവണതയാണ മുന്നിട്ടുനി ന്നിരുന്നതു്. തൽഫലമായി, ദൈവംമാത്രമാണു് ബൈബിളി ൻെറ കൎത്താവെന്നും ദൈവത്തിൽനിന്നു നിവേശനം സ്വീ കരിച്ച മനുഷ്യൻ യന്ത്രങ്ങളെപ്പോലെ പ്രവൎത്തിക്കുകമാത്ര മാണു ചെയ്തതെന്നും ഒരു കൂട്ടർ വാദിച്ചു. ദൈവം ഓരോ വാ

ക്കും തിരഞ്ഞെടുക്കുകയും അതു വിശുദ്ധഗ്രന്ഥകർത്താക്കൾക്കു പറഞ്ഞുകൊടുക്കുകയുമാണു ചെയ്തതെന്നു ചില പ്രോട്ടസ്റ്റൻറുകാരും അഭിപ്രായപ്പെട്ടു.

ബൈബിളിലേ മാനുഷികഘടകത്തിനു വന്ന ഈ വിലയിടിവു് പരിഹരിക്കാൻ ശ്രമിച്ചവർ വേറൊരു തെററിലേക്കു വഴുതി വീഴുകയുണ്ടായി. അവരുടെ അഭിപ്രായത്തിൽ വിശുദ്ധഗ്രന്ഥകർത്താക്കൾമാത്രമാണു ബൈബിൾനിർമ്മാണത്തിൽ മുൻകൈയെടുത്തു പ്രവർത്തിച്ചവർ. ദൈവത്തിനു് അവരുടെമേൽ യാതൊരു സ്വാധീനതയുമുണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽത്തന്നെ അതു വളരെ നിസ്സാരമായിരുന്നുതാനും. അങ്ങനെ, വിശുദ്ധഗ്രന്ഥങ്ങൾ മനുഷ്യപ്രയത്നത്താൽമാത്രം എഴുതപ്പെട്ടവയാണെന്നും പിന്നീടു ദൈവം നേരിട്ടോ സഭവഴിയോ അവയെ പ്രമാദരഹിതമായി പ്രഖ്യാപിക്കുകമാത്രമാണു ചെയ്തിട്ടുള്ളതെന്നും അവർ പഠിപ്പിച്ചു.

നിവേശനത്തിൽ ദൈവത്തിൻെറ വിധായകമായ(positive) പ്രവർത്തനമൊന്നുമില്ലെന്നും വിശുദ്ധ ലിഖിതങ്ങളിൽ തെറെറാന്നും കടന്നുകൂടാതിരിക്കാനുള്ള ബാഹ്യമായ സംരക്ഷണംമാത്രമാണു ദൈവം നല്കിയതെന്നും വേറൊരു കൂട്ടരും അഭിപ്രായപ്പെട്ടു.

ഈ വാദമുഖങ്ങളെ ഖണ്ഡിക്കുന്നതിനു വത്തിക്കാൻ സൂനഹദോസ് സഭയുടെ പരമ്പരാഗതമായ വിശ്വാസത്തെ എടുത്തു കാണിക്കുകയേ ചെയ്തുള്ളു. സഭയുടെ പ്രബോധനം ഭാഗ്യസ്മരണാർഹരായ ലെയോ പതിമൂന്നാമൻേറയും ബനഡിക്ട് പതിനഞ്ചാമൻേറയും പീയൂസ് പന്ത്രണ്ടാമൻേറയും വാക്കുകളിൽ ഇങ്ങനെ സംഗ്രഹിക്കാം: ബൈബിളിൻെറ ദൈവികസ്വഭാവവും മാനുഷികസ്വഭാവവും അന്യൂനമായി സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ദൈവമാണതിൻെറ പ്രധാന കർത്താവു്; പരിശുദ്ധാത്മാവിയുടെ പ്രവർത്തനംവഴി അതിൻെറ ഉള്ളടക്കം എന്തായിരിക്കണമെന്നു തീരുമാനിച്ചുകൊണ്ടു് അ

വിട്ടന്നു് അതിൻെറ ചുമതല ഏററെടുത്തു. വിശുദ്ധ ലേഖകനും തുല്യനിലയിൽ, യഥാൎത്ഥമായ അൎത്ഥത്തിൽ ബൈബിളിൻെറ കൎത്താവാണു്. ക്രമാനുസൃതമായ പ്രവൎത്തനംവഴി അവനും വിശുദ്ധ ലിഖിതത്തിൻെറ നിർമ്മിതിക്കു സഹകരിച്ചിട്ടുണ്ടു്. ഈ പ്രവൎത്തനംവഴിയാണു് അവൻ ദൈവത്തിൻെറ ഉപകരണമായി ഭവിച്ചതു്.

മാനുഷികഘടകത്തിൻെറ പ്രവൎത്തനം ബൈബിളിൽ എമ്മാത്രമുണ്ടെന്നു പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പ വിശദീകരിക്കുന്നു: "കത്തോലിക്ക ദൈവശാസ്ത്രജ്ഞന്മാർ സഭാപിതാക്കന്മാരുടേയും വിശിഷ്യ, വി. തോമസ് അകൂിനാസിൻേറയും പ്രബോധനങ്ങളെ ആശ്രയിച്ചു്, കഴിഞ്ഞ നൂററാണ്ടുകളിലെക്കാൾ മെച്ചമായും കൂടുതൽ പൂർണ്ണമായും നിവേശനത്തേയും അതിൻെറ ഫലങ്ങളേയുംപററി ഗവേഷണം നടത്തുകയും അവയെ വിവരിക്കുകയും ചെയ്തു. വിശുദ്ധ ലേഖകൻ പരിശുദ്ധാത്മാവിയുടെ ഉപകരണമാണു് — ജീവിക്കുന്നതും ചിന്തിക്കുന്നതുമായ ഉപകരണം. ഈ തത്വത്തിൽ ആരംഭിച്ചു് അവർ യുക്തിപൂർവ്വം ചൂണ്ടിക്കാണിക്കുന്നു, വിശുദ്ധ ലേഖകൻ തൻെറ പ്രവൎത്തനഫലമായ പുസ്തകത്തിൽനിന്നു് എല്ലാവരും തൻെറ പ്രത്യേകമായ ബുദ്ധിശക്തിയും വ്യക്തിപരമായ സ്വഭാവവും ഗ്രഹിക്കത്തക്കവിധം, പരിശുദ്ധാത്മാവിയുടെ പ്രവൎത്തനത്തിൻകീഴ് തൻെറ കഴിവുകളും ശക്തികളും ഉപയോഗിച്ചു" എന്നു് (ദിവീനൊ അഫ്ളാന്തെ). ദൈവകരങ്ങളിൽ വെറുമൊരുപകരണം ബുദ്ധിഹീനവും പ്രവൎത്തനരഹിതവുമായിരിക്കും. എന്നാൽ, വിശുദ്ധ ലിഖിതത്തിൻെറ കൂട്ടുഗ്രന്ഥകർതൃത്വത്തിൽ ദൈവം വിശുദ്ധ ലേഖകനിലും ലേഖകനിലൂടെയും പ്രവൎത്തിച്ചു, ലേഖകൻ വെറുമൊരുപകരണമോ യന്ത്രമോ എന്ന മാതിരിമാത്രമല്ല.

ഇങ്ങനെ, വിശുദ്ധ ലേഖകനിൽ ദൈവത്തിൻെറ വി

ധായകമായ പ്രവർത്തനം നടക്കുമ്പോഴാണ് ദൈവവും മനുഷ്യനും തമ്മിൽ ഉററ സമ്പക്കം പുലത്തുന്നതു്. ഈ സമ്പർക്കം വഴി മനുഷ്യൻെറ ബുദ്ധി വികസിക്കുകയും കാര്യങ്ങൾ പ്രമാദരഹിതമായി അവൻ ഗ്രഹിക്കുകയും ചെയ്യുന്നു. ആകയാൽ, ഈ പ്രവർത്തനം ദൈവം സ്വാഭാവാതീതമായി മനുഷ്യബുദ്ധിക്കുനല്കുന്ന പ്രകാശനത്തെ സൂചിപ്പിക്കുന്നു.

ഇതിൽനിന്ന് ദൈവം മനുഷ്യൻെറ പരിജ്ഞാനത്തേയും പരിത:സ്ഥിതികളേയും അവഗണിക്കുന്നതായി മനസ്സിലാക്കേണ്ടതില്ല. നേരേമറിച്ചു മനുഷ്യൻെറ ബൗദ്ധികവും ധാർമ്മികവും സാമൂഹികവുമായ എല്ലാ കഴിവുകളേയും മാനിക്കുകയും അതേസമയം പരിശുദ്ധാത്മാവിയുടെ നിയന്ത്രണത്തിൽനിന്നു വഴുതിമാറാതിരിക്കുവാൻ അവയെ ഭരിക്കുകയും ചെയ്യുന്നു. കടലാസിൽ പേനവയ്ക്കാൻ തുടങ്ങുമ്പോൾമുതലുള്ള അവൻെറ ഓരോ പ്രവൃത്തിയും പരിശുദ്ധാത്മാവിയുടെ പൂർണ്ണമായ നിയന്ത്രണത്തിൻകീഴാണ്. ദൈവികമായ ഈ പ്രചോദനം മനുഷ്യൻെറ ബലഹീനതകളെ പരിഹരിക്കുകയും സ്വാഭാവികശക്തികളെ പ്രബലപ്പെടുത്തുകയും ചെയ്യുന്നു. അതോടെ ദൈവനിവേശിതൻ സ്വയം ദൈവത്തിൻെറ നിർദ്ദേശങ്ങൾക്ക് അനുരൂപപ്പെട്ടുപോകുന്നു.

## നിവേശനത്തിൻെറ ഫലം — പ്രമാദരാഹിത്യം

പരിശുദ്ധാത്മാവിയുടെ പ്രവർത്തനത്തിനു വി. ലിഖിതകർത്താക്കളുടെ മനസ്സും ഇച്ഛയും ശക്തികളും കീഴ്പ്പെട്ടിരിക്കുന്നു എന്നതിൽനിന്ന് ഒരു വസ്തുത വിശദമായി മനസ്സിലാക്കാം: ദൈവം തൻെറ പ്രവർത്തനംവഴി വിശുദ്ധ ഗ്രന്ഥകർത്താക്കളുടെ ജോലിയുടെ ഉത്തരവാദിത്വം ഏറെറടുക്കുകയും അങ്ങനെ അതിൻെറ യഥാർത്ഥ കർത്താവായിത്തീരുകയുംചെയ്യുന്നു. എന്നാൽ, മനുഷ്യൻ ചെയ്യാനുള്ള കാര്യ

ങ്ങൾ എല്ലാം ദൈവത്താൽ ചെയ്യപ്പെട്ടു എന്നു കരുതുന്നുവെങ്കിൽ അതു് അബദ്ധമായിരിക്കും. അവൻ മറേറതൊരു ഗ്രന്ഥകാരനേയുംപോലെ പ്രവത്തിക്കുകയും തന്റെ വ്യക്തിപരമായ സംഭാവനകൾ ബൈബിളിന്റെ നിർമ്മാണത്തിനായി നല്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ, പരിശുദ്ധാത്മാവിയുടെസ്വാധീനതവഴി, അവന്റെ പ്രവത്തനം ഒരു നൂതനമായ മണ്ഡലത്തിലേക്കുയത്തപ്പെടുന്നു. അത്രമാത്രം. ദൈവം വിശുദ്ധഗ്രന്ഥത്തിന്റെ കത്താവായതുകൊണ്ടു് അതു പ്രമാദരഹിതമാണു്. ബൈബിളെഴുത്തുകാരനിൽ നിവേശനമുണ്ടാകുന്നതോടേ ദൈവം അവനിൽ പ്രവത്തിക്കുകയും സ്വൎഗ്ഗീയമായ സഹായവും തെററാവരവും പ്രദാനം ചെയ്യുകയും ചെയ്യുന്നു. ബൈബിൾ ദൈവവചനമായിത്തീരുന്നു.

ബൈബിൾ പ്രമാദരഹിതമെന്നു് നാം പറയുമ്പോൾ, അതിൽ തെററില്ലെന്നു സമർത്ഥിക്കുകമാത്രമല്ല, തെററിനുള്ള സാദ്ധ്യതയെക്കൂടി നിഷേധിക്കുകയും ചെയ്യുന്നു. ഇവിടെ നാം ബൈബിളിന്റെ മൂലകൃതിയെയാണു പരാമർശിക്കുന്നതു്. ആകയാൽ, തെററില്ലായ്മയും മൂലകൃതിയിൽമാത്രമേ പ്രതീക്ഷിക്കേണ്ടതുള്ളു. വിവത്തനങ്ങൾ മൂലകൃതിയോടു ശരിയാംവണ്ണം ഒത്തുപോകുന്നെങ്കിൽമാത്രമേ അവ പ്രമാദരഹിതമായിരിക്കുകയുള്ളു. ബൈബിൾ പകർത്തിയവർവഴി തെററുണ്ടാകാൻ പാടുണ്ടു്,ഉണ്ടായിട്ടുണ്ടു് എന്ന വസ്തുതയെ സഭ നിഷേധിക്കുന്നില്ല. “ബൈബിൾ പകർത്തിയവർ തെററുവരുത്തിയിട്ടുണ്ടെന്നതു വാസ്തവമാണു്, സംശയമില്ല. ഇത്തരമൊരു പ്രശ്നം വളരെ സൂക്ഷ്മതയോടേ കൈകാര്യം ചെയ്യേണ്ടതാണു്. വ്യക്തമായ തെളിവുള്ളിടത്തല്ലാതെ ഇപ്രകാരമുള്ള തെററു് എളുപ്പത്തിൽ സമ്മതിച്ചുകൊടുക്കാറുമില്ല” (Providentissimus Deus, E. B. 109).

1870-ൽ നടന്ന വത്തിക്കാൻ സൂനഹദോസ് വിശ്വാസത്തേയും സന്മാൎഗ്ഗത്തേയും ബാധിക്കുന്ന കാര്യങ്ങളിൽ ബൈബിൾ പ്രമാദരഹിതമെന്നു പഠിപ്പിക്കുന്നു (cfr Denz.

1809). ബൈബിളിലെ എല്ലാ വാചകങ്ങളും പ്രമാദരഹിതമെന്നു സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും പല മാർപ്പാപ്പമാരും പ്രമാദരാഹിത്യം ഒരു വിശ്വാസസത്യമായി സ്വീകരിക്കുവാൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നു. ലെയോ പതിമൂന്നാമൻ 'പ്രൊവിദെന്തീസിമൂസ് ദേവൂസ്' എന്നു തുടങ്ങുന്ന ചാക്രികലേഖനത്തിൽ പറയുന്നു: "ഈശ്വരനിവേശനവും പ്രമാദവും ഒന്നിച്ചുപോവുക അസാദ്ധ്യമെന്നുതന്നെയല്ല, അവശ്യാവശ്യകമായും അനുപേക്ഷണീയമായും ഈശ്വരനിവേശനം പ്രമാദത്തിൽനിന്നു പരിപൂർണ്ണവിമുക്തവുമത്രേ. എന്തുകൊണ്ടെന്നാൽ, സത്യംതന്നെയായ ദൈവം അസത്യം പറയുക എന്നതു തികച്ചും അസാദ്ധ്യംതന്നെ. ഇതു സഭയുടെ പുരാതനവും അചഞ്ചലവുമായ വിശ്വാസമാണ്."

ക്രിസ്തുവും അപ്പസ്തോലന്മാരും "എഴുതപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു വേദപുസ്തകത്തിൽനിന്ന് ഉദ്ധരണികൾ ഉപയോഗിച്ചിരുന്നു. സത്യംതന്നെയായ ക്രിസ്തുവും അവിടുത്തെ അനുഗാമികളും പ്രമാദപൂർണ്ണമായ ഒരു ഗ്രന്ഥത്തിൽനിന്ന് ഉദ്ധരണികൾ ഉപയോഗിച്ചിരുന്നു എന്നു കരുതുന്നതു് യുക്തിക്കു നിരക്കാത്തതാണ്. ഉദാഹരണത്തിന്, വി. യോഹന്നാൻ പറയുന്നു: തിരുവെഴുത്തു ലംഘിച്ചുകൂടാ (x: 35). വിശുദ്ധ ലൂക്കാ 24–ാം അദ്ധ്യായം 44–ാംവാക്യത്തിൽ: "മൂശയുടെ നിയമത്തിലും പ്രവാചകരിലും എന്നെക്കുറിച്ചെഴുതപ്പെട്ടവയെല്ലാം നിവൃത്തിയാകേണ്ടിയിരിക്കുന്നുവെന്നു ഞാൻ നിങ്ങളുടെ അടുക്കൽ ആയിരുന്നപ്പോൾ നിങ്ങളോടുപറഞ്ഞ വചനങ്ങൾ ഇവയാകുന്നു". പാരമ്പര്യവും പൊളിക്കാപ്പ്, ജെറോം, അഗസ്റ്റിൻ തുടങ്ങി നിരവധി സഭാപിതാക്കന്മാരും ബൈബിളിന്റെ പ്രമാദരാഹിത്യത്തെ എന്നും ഐകകണ്ഠ്യേന പിൻതാങ്ങുകയും അതിൽ തെററിനുള്ള സാദ്ധ്യതയെ നിഷേധിക്കുകയും ചെയ്തിരുന്നു.(*)

(*) cfr. A Catholic Commentary on Holy Scripture, 37e—38e.

ബൈബിളിൽ തെററൊന്നുമില്ലെന്നു പറയുന്നതു് അതെഴുതിയ ആളുകളുടെ ഉദ്ദേശ്യത്തെമാത്രം കണക്കിലെടുത്തുകൊണ്ടാണു്. ഉദാഹരണത്തിനു്, സൂര്യൻ ഉദിക്കുന്നു അസ്തമിക്കുന്നു എന്നൊക്കെ നാം പറയുന്നു; വാസ്തവത്തിൽ സൂര്യൻ ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്യുന്നില്ല. എന്നാൽ, ഭൂമി ചുററുന്നതുനിമിത്തം പകലും രാവും നമുക്കനുഭവപ്പെടുന്നു. സൂര്യൻ ഉദിക്കുന്നു എന്നു പറയുക തെററാണെന്നു വാദിക്കുന്നവർക്കു് അപ്രകാരമുള്ള പല തെററുകൾ ബൈബിളിൽ കാണാം. വിശുദ്ധ അഗുസ്തീനോസിൻെറ വാക്കിൽ പറഞ്ഞാൽ വാക്കുകളുടെയോ അക്ഷരങ്ങളുടെയോ പ്രകൃതിക്കനുസരിച്ചുള്ള അത്ഥത്തിനല്ല, അവ ഉൾക്കൊള്ളുകയും സൂചിപ്പിക്കുകയും ചെയ്യുന്ന യാഥാത്ഥ്യത്തിനാണു കൂടുതൽ പ്രാധാന്യം. മററു വാക്കുകളിൽ, യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത ഒരു പ്രസ്താവന ഒരുവൻ മനഃപൂർവ്വം ചെയ്യുകയും അവനും അവൻെറ സമകാലീനരും ഉദ്ദേശിക്കുന്നതിൽനിന്നു് അതു വിഭിന്നമായിരിക്കുകയും ചെയ്യുമ്പോഴാണു തെററു സംഭവിക്കുന്നതു്.

ഒരു സംഗതി തെററോ ശരിയോ എന്നു് വിധി കല്പിക്കുന്നതിനുമുമ്പു് ഒരെഴുത്തുകാരൻെറ ഉദ്ദേശ്യത്തേയും അതിൻെറ വ്യാപ്തിയേയും പരിഗണിക്കേണ്ടിയിരിക്കുന്നു. ബൈബിളിൽ ഈ ഉദ്ദേശ്യം വളരെ പരിമിതപ്പെട്ടിരിക്കുന്നു. ഒന്നാമതു്, പ്രധാന കത്താവായ ദൈവത്തിനു് ബൈബിളിലൂടെ പരമമായ ഒരു ലക്ഷ്യംമാത്രമേ സാധിക്കേണ്ടതുള്ളൂ—ജനങ്ങളെ മതകാര്യങ്ങൾ പഠിപ്പിക്കുക. രണ്ടാമതു്, നിവേശിതനായ ലേഖകനിലൂടെ നല്കപ്പെടുന്ന ദിവ്യപ്രബോധനങ്ങൾ മനുഷ്യരൂപം കൊള്ളുകയും അവൻെറ ഭാഷാപരവും സാംസ്കാരികവുമായ പരിധികൾക്കു് അവ കീഴ്പ്പെട്ടിരിക്കുകയും ചെയ്യുന്നു. ആകയാൽ, വിശുദ്ധഗ്രന്ഥത്തെക്കുറിച്ചു വിധിയെഴുതുന്നതിനുമുമ്പു് ഇക്കാര്യങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതാണു്.

ബൈബിളിൽ തെററുണ്ടെന്നു പറയുന്നവർ, അല്ലെങ്കിൽ, തെററു കാണുവാൻ ശ്രമിക്കുന്നവർ വിശുദ്ധ അഗുസ്തീനോസിൻെറ അഭിപ്രായം കണക്കിലെടുക്കുന്നതു നല്ലതാണ്. അദ്ദേഹം പറയുന്നു: "വിശുദ്ധഗ്രന്ഥത്തിൽ വാസ്തവവിരുദ്ധമായി എന്തെങ്കിലും ഞാൻ കാണുമ്പോൾ വിവർത്തനം ശരിയല്ലെന്നോ പകർത്തിയെഴുത്തുകാരൻ നിഷ്കർഷക്കുറവു വരുത്തിയെന്നോ എനിക്കു ഗ്രഹിക്കാൻ കഴിവില്ലന്നോ ആണ് ഞാൻ വിചാരിക്കുന്നതു്."

ചുരുക്കത്തിൽ, ബൈബിളിൽ നാം കാണുന്ന തെററുകൾ നാം ഉണ്ടാക്കിയവയാണ്, അഥവാ, ഉണ്ടാക്കുന്നവയാണ്. ഒന്നുകിൽ, ബൈബിൾ പറയുന്നതെന്തെന്ന് നാം മനസ്സിലാക്കുന്നില്ല, അല്ലെങ്കിൽ, അതു പറയുവാൻ ഉദ്ദേശിക്കാത്തതു് പറയുന്നുവെന്നു നാം ശഠിക്കുന്നു. ബൈബിളിൻെറ അതിസ്വാഭാവികാത്ഥം ഗ്രഹിക്കുവാൻ മനുഷ്യബുദ്ധിക്കു കഴിവില്ലെന്നുള്ളതും വെളിപാടിനെ സ്വീകരിക്കുവാൻ ചിലർ തയ്യാറില്ലെന്നുള്ളതും വേറൊരു വസ്തുതയാണ്. അതുപോലെ തന്നെ, പകർത്തിയെഴുത്തുകാരൻെറയോ അച്ചടിക്കാരൻെറയോ അശ്രദ്ധയെ നാം അവഗണിക്കുന്നു എന്നുംവരാം.

## ബൈബിൾ മനസ്സിലാക്കുക എളുപ്പമോ?

സാമാന്യബുദ്ധിയുള്ള ഒരു മനുഷ്യനു ബൈബിൾ വായിച്ചു വ്യാഖ്യാനിക്കുകയും മനസ്സിലാക്കുകയും ചെയ്യാൻ കഴിയുമോ? വളരെയധികം ആളുകൾ അവകാശപ്പെടുന്നതുപോലെ, ദൈവനിവേശിതങ്ങളായ ഈ പേജുകൾ ഗ്രഹിക്കുവാൻ വളരെ എളുപ്പവും അതിലെ ആശയങ്ങൾ വളരെ വ്യക്തവും അവയുടെ അത്ഥം മനസ്സിലാക്കുക നിഷ്പ്രയാസവുമെന്നു പറയുന്നതു വാസ്തവമോ? സാരാംശം ഗ്രഹിക്കാമെന്നു സമ്മതിക്കുന്നെങ്കിലും, മുൻചോദ്യങ്ങൾക്കുത്തരം നിഷേധാത്മകമായിരിക്കും. ബൈബിളിൽ പല പ്രത്യേകതകളും മൂലഭാഷയിൽ തന്നെ മന

സ്സിലാക്കാൻ പ്രയാസമുള്ള ശൈലികളുമുണ്ടു്. വിവർത്തനദൂഷ്യത്താൽ ഈ വിഷമം ഒന്നുകൂടി വദ്ധിച്ചിട്ടുണ്ടെന്നും വരാം. സ്ഥലകാലസാഹചര്യങ്ങൾക്കനുസരിച്ചു് ഇന്നത്തേതിൽനിന്നു തുലോം വിഭിന്നമായ ആശയപ്രകടനരീതികളും വേദപുസ്തകത്തിൽ ധാരാളമുണ്ടു്. കാലത്തിൻെറ കുത്തിയൊഴുക്കും ഭാഷയുടെ പരിണാമജന്യമായ വേഷംമാററവും ഈ പദപ്രയോഗങ്ങളെ പരിവർത്തനത്തിനു വിധേയമാക്കുകയും അവയിൽ ചിലതിനു നൂതനമായ വ്യാഖ്യാനങ്ങളും ധ്വനികളും ജനിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

വിഷയത്തിൻെറ ശ്രേഷ്ഠതയും ഉള്ളടക്കത്തിൻെറ ദൈവികതയും ബൈബിൾപഠനത്തെ വിഷമകരമാക്കുന്നു. പുതിയനിയമത്തെസ്സംബന്ധിച്ചിടത്തോളം ഇതു കൂടുതൽ വാസ്തവമാണു്. ഇതിലെ പല ആശയങ്ങളും ലൗകായതികർക്കു് അരോചകമാണു്. ബൈബിളിനു് ഒരു ശരിയായ വ്യാഖ്യാനം നല്കുക എല്ലാവർക്കും സാദ്ധ്യമാണു് എന്നു പറയുകതന്നെ ബൈബിളിനെതിരായ ഒരു പ്രസ്താവനയായിരിക്കും. വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളെ പരാമർശിച്ചു് അപ്പസ്തോലപ്രമുഖനായ വിശുദ്ധ പത്രോസ് പറയുന്നതു് ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമത്രേ. "അവയിൽ ഗ്രഹിക്കുവാൻ പ്രയാസമുള്ള ചില കാര്യങ്ങളുണ്ടു്. പഠിപ്പില്ലാത്തവരും (വിശ്വാസത്തിൽ) അസ്ഥിരരുമായുള്ളവർ മററു തിരുവെഴുത്തുകളെപ്പോലെതന്നെ തങ്ങളുടെ നാശത്തിനായി അവയെ വളച്ചുതിരിക്കുന്നു" (2 പത്രോ. 3: 17). ഇതിൽനിന്നു രണ്ടുമൂന്നു കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ നമുക്കു സാധിക്കും. ഒന്നാമതു്, പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിലെ ചില പ്രസ്താവനകൾ മനസ്സിലാക്കുവാൻ പ്രയാസമുള്ളവയാണു്. രണ്ടാമതു്, ഇതുപോലെതന്നെ ബൈബിളിലെ മററു ചില ഭാഗങ്ങളും വിഷമകരവും അവ്യക്തവുമാണു്. മൂന്നാമതു്, അജ്ഞരും അസ്ഥിരരുമായവർക്കു് അവർ വായിക്കുന്ന ഭാഗ

ങ്ങൾ ശരിയാംവിധം ഗ്രഹിക്കുക സാദ്ധ്യമല്ല. കൂടാതെ, അതിനു തെററായ വ്യാഖ്യാനം കൊടുക്കുകയും അതിൻെറ ശരിയായ അത്ഥത്തെ വളച്ചൊടിക്കുകയും അങ്ങനെ തങ്ങൾക്കു തന്നെ നാശകരങ്ങളായ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യാം. പത്രോസ്ശ്ലീഹാ ഏററം ശക്തിയായ ഭാഷയിൽ ഉദ്ബോധിപ്പിക്കുന്നു, സ്വകാര്യവ്യാഖ്യാനങ്ങൾ വ്യാഖ്യാതാക്കളുടെ ആത്മനാശത്തിലേ കലാശിക്കൂ എന്നു്. കാരണം, ദുർവ്യാഖ്യാന വിധേയമാകുന്ന ഭാഗങ്ങൾ ആത്മരക്ഷയെ ബാധിക്കുന്നതോ സുപ്രധാനവിഷയങ്ങളെ പരാമർശിക്കുന്നതോ ആയിരിക്കും. അവ വിശ്വാസത്തെയോ സന്മാർഗ്ഗത്തെയോ ബാധിക്കുന്നവയല്ലായിരുന്നെങ്കിൽ ഇപ്രകാരമൊരു പ്രസ്താവനയ്ക്കു് അപ്പസ്തോലപ്രമുഖൻ മുതിരുകയില്ലായിരുന്നു. ഇതിൽനിന്നു മനസ്സിലാക്കേണ്ടതു നമുക്കിഷ്ടമുള്ളവിധത്തിൽ ബൈബിളിനു് ഒരു വ്യാഖ്യാനം കൊടുക്കുക സാധ്യമല്ലെന്നും അപ്രകാരം ചെയ്യുന്നെങ്കിൽ അതു് അബദ്ധജടിലവും അപകടപൂർണ്ണവുമായിരിക്കുമെന്നുമാണു്.

## ബൈബിൾ വ്യാഖ്യാനിക്കാൻ

നാം ബൈബിളിൽനിന്നു് ഒരുഭാഗം വായിക്കുമ്പോൾ അതിലടങ്ങിയിരിക്കുന്ന കാതലായ ഭാഗം—അതിൻെറ സാരാംശം—മനസ്സിലാക്കുവാൻ നമുക്കു സാധിച്ചേക്കും. ബൈബിൾവ്യാഖ്യാനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതു വളരെ എളുപ്പവുമാണു്. എന്നാൽ, വ്യാഖ്യാനിക്കുക ബൈബിൾശാസ്ത്രത്തിൽ പ്രത്യേകജ്ഞാനം ലഭിച്ചവർക്കായി മാററിവയ്ക്കപ്പെട്ടിരിക്കുന്ന ഒന്നത്രേ. നടപടിപ്പുസ്തകം 8–ാം അദ്ധ്യായം 30, 31 വാചകങ്ങളിൽ ഇപ്രകാരം നാം കാണുന്നു. വി. പീലിപ്പോസ് ശ്ലീഹാ കുശായരുടെ രാജ്ഞീസേവകൻ വേദപുസ്തകം വായിക്കുന്നതു കണ്ടപ്പോൾ അവനോടു്: “നീ വായിക്കുന്നതു നീ ഗ്രഹിക്കുന്നുവോ? എന്നു ചോദിച്ചു. അതിനു്

അവൻ: ആരെങ്കിലും എനിക്കുപദേശിച്ചു തരാതിരുന്നാൽ ഗ്രഹിക്കുവാൻ എനിക്കെങ്ങനെ സാധിക്കും? എന്നു പറഞ്ഞു." ഇതിൽനിന്നു് ഒരു വസ്തുത നമ്മുടെ ശ്രദ്ധയിൽപ്പെടുന്നു. ബൈബിളിൽ ശരിയായ ജ്ഞാനം ലഭിച്ചവർ വേണം സാധാരണക്കാരനു ബൈബിൾപാരായണത്തിൽനിന്നുണ്ടാകുന്ന വിഷമതകളെ ദൂരീകരിക്കാൻ. ബൈബിളിലെ പല ഭാഗങ്ങളുടേയും വ്യാഖ്യാനകാര്യത്തിൽ പണ്ഡിതന്മാർതന്നെ ഭിന്നാഭിപ്രായക്കാരാണു്. അതുകൊണ്ടു്, ഒരന്ത്യതീരുമാനത്തിലെത്തുക പലപ്പോഴും ക്ഷിപ്രസാദ്ധ്യമായിരിക്കുകയില്ല. എങ്കിലും, ഏതു വിഷമപ്രശ്നങ്ങൾക്കും സാമാന്യം തൃപ്തികരമായ ഒരു നിവാരണമാർഗ്ഗം നിർദ്ദേശിച്ചുകൊടുക്കാൻ സാധിച്ചാൽ അത്രയുമായി.

ഉദാഹരണത്തിനു്, ഉൽപത്തിയുടെ പുസ്തകത്തിൽകൊടുത്തിരിക്കുന്ന ജലപ്രളയത്തിൻെറ കഥതന്നെയെടുക്കാം. "ഭൂമിയിൽ മനുഷ്യരുടെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നുവെന്നും അവരുടെ വിചാരമെല്ലാം സദാ തിന്മയിലേക്കു ചാഞ്ഞിരിക്കുന്നുവെന്നും കണ്ടപ്പോൾ, മനുഷ്യനെ സൃഷ്ടിച്ചു് ഭൂമിയിലാക്കിയതിനെക്കുറിച്ചു ദൈവം പശ്ചാത്തപിച്ചു; ഹൃദയവ്യഥയാൽ തപ്തനായി. അവിടുന്നു പറഞ്ഞു: ഞാൻ സൃഷ്ടിച്ച മനുഷ്യനെ—മനുഷ്യനെമുതൽ മൃഗങ്ങളെവരെയും—ഭൂമുഖത്തുനിന്നു ഞാൻ നശിപ്പിക്കും. എന്തുകൊണ്ടെന്നാൽ അവനെ സൃഷ്ടിച്ചല്ലോ എന്നു ഞാൻ മനസ്തപിക്കുന്നു" (ഉൽപത്തി, 6: 5-7). ഇതിലടങ്ങിയിരിക്കുന്ന മതപരമായ ആശയം—നാം പഠിക്കേണ്ട ഗുണപാഠം—വ്യക്തമാണു്: മനുഷ്യൻ ദൈവത്തോടു വിശ്വസ്തനായിരിക്കണം. അവിടുത്തെ ശുശ്രൂഷിക്കുന്നതിൽ ബദ്ധശ്രദ്ധനായിരിക്കണം. ദൈവത്തിൽനിന്നു് അകന്നുപോകുന്നവർ നാശത്തിലേക്കാണു തങ്ങളെത്തന്നെ നയിക്കുന്നതു്. ദൈവത്തോടു് അവിശ്വസ്തത പ്രദർശിപ്പിച്ച ഒരു ജനതയെ അവിടുന്നു വെള്ളപ്പൊക്കംമൂലം നശിപ്പിച്ചു. ദൈവകോപം നമ്മുടെമേൽ ഉണ്ടാകാതിരിപ്പാൻ നാം

St. Antony's Monastery,
Alwaye, Travancore,
S. India.



അവിടത്തോടു വിശ്വസ്തതാപൂർവ്വം പെരുമാറണം. ഇത്രയും കാര്യങ്ങളേ സാധാരണരീതിയിൽ നാം മനസ്സിലാക്കേണ്ടതുള്ളൂ. പക്ഷേ, മനുഷ്യൻെറ ഉൽക്കടമായ ജിജ്ഞാസ, വിശദാംശങ്ങളിലേക്കു ചുഴിഞ്ഞിറങ്ങുവാനുള്ള അവൻെറ അഭിവാഞ്ഛ, മററു പല പ്രശ്നങ്ങൾക്കും കളമൊരുക്കുന്നു. ജലപ്രളയം സാർവ്വത്രികമായിരുന്നോ? ജനങ്ങൾ വസിച്ചിരുന്ന സ്ഥലത്തുമാത്രം അതു മതിയാകുമായിരുന്നില്ലേ? എത്രയടി വെള്ളം പൊങ്ങി? ആ വെള്ളം മുഴുവൻ എങ്ങനെ അപ്രത്യക്ഷമായി? എല്ലാ ജാതി ജീവികളിൽനിന്നും ഓരോ ജോഡിയെ ഉൾക്കൊള്ളാൻ തക്ക വലുപ്പം നോഹിൻെറ പെട്ടകത്തിനുണ്ടായിരുന്നോ? ഇങ്ങനെയുള്ള ചോദ്യങ്ങൾക്കെല്ലാം ശരിയായ ഉത്തരം നല്കണമെങ്കിൽ, അക്കാലത്തെ സംഭവങ്ങളെക്കുറിച്ചു നല്ല അറിവുണ്ടായിരിക്കണം. ഇതു് ഒരു സാധാരണക്കാരനിൽനിന്നു പ്രതീക്ഷിക്കുക ബുദ്ധിപൂർവ്വകമല്ല. ഒരു ബൈബിൾപണ്ഡിതനു് ഒരുവേള സാധിച്ചേക്കും, ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ. ഇങ്ങനെ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതുകൊണ്ടു മനുഷ്യൻെറ ജിജ്ഞാസ ശമിക്കുമെന്നതിൽക്കവിഞ്ഞു മതപരമായ പ്രയോജനമൊന്നുമുണ്ടാകുന്നില്ല.

വിശുദ്ധഗ്രന്ഥപഠിതാക്കളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു് അതിൻെറ വ്യാഖ്യാനം. ചില തത്വങ്ങളെ അസ്പദമാക്കിയത്രേ ബൈബിൾവാക്യങ്ങൾ വ്യാഖ്യാനിക്കപ്പെടുക. വ്യാഖ്യാനം അഞ്ചിനങ്ങളായി തരംതിരിക്കപ്പെട്ടിരിക്കുന്നു. 1) വ്യാകരണപരമായ വ്യാഖ്യാനം: ബൈബിളിൻെറ മൂലത്തിലേ വാക്കുകളുടേയും ഭാഷാശൈലികളുടേയും കൃത്യമായ അർത്ഥം ഗ്രഹിക്കുന്നതിനു് വ്യാഖ്യാതാവിനെ സഹായിക്കുന്ന ചിലനിയമങ്ങളുടെ ഒരു സംഹിതയാണിതു്. 2) ചരിത്രപരമായ വ്യാഖ്യാനം: സ്ഥലകാലസാഹചര്യങ്ങൾ വിശുദ്ധ ഗ്രന്ഥകർത്താക്കളിൽ ചെലുത്തുന്ന ബാഹ്യമായ സ്വാധീനതയെ ഇതു കുറി

ക്കുന്നു. 3) വേദപുസ്തകസംബന്ധമായ (scriptural) വ്യാഖ്യാനം: ബൈബിളിൻെറ പൊതുവായ പഠനത്തിൽനിന്നും പല ഭാഗങ്ങളുടേയും പ്രത്യേകമായ പരിഗണനയിൽനിന്നും ഇതു സംജാതമാകുന്നു. 4) സിദ്ധാന്തപരമായ വ്യാഖ്യാനം: വിശുദ്ധ ലിഖിതത്തിൽ നമുക്കു വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന വെളിപാടിൻെറ അന്വേഷണത്തിൽനിന്നു ലഭ്യമാകുന്നു. 5) മനഃശാസ്ത്രപരമായ വ്യാഖ്യാനം: ഒരു വ്യാഖ്യാതാവിനും തൻെറ ജോലി നിർവ്വഹിക്കുന്നതിനുണ്ടായിരിക്കേണ്ട] മാനസികവും സാന്മാർഗ്ഗികവുമായ നിലപാടുകളെ വ്യക്തമാക്കുന്നു. വിഷയം പൂർണ്ണമായും സൗകര്യപ്രദമായും കൈകാര്യം ചെയ്യപ്പെടേണ്ടതിനാണ് ഈ വിഭജനങ്ങൾ നടത്തിയിരിക്കുന്നതു്.

ബൈബിൾ വ്യാഖ്യാനത്തിലേക്ക് ഒരു പുതിയ കാൽവെപ്പ് ഈ അടുത്തകാലത്തു നടന്നുകഴിഞ്ഞു. ബൈബിൾ പണ്ഡിതരെ പ്രോത്സാഹിപ്പിക്കുന്നതിനു് 1943-ൽ എഴുതിയ 'ദിവീനൊ അഫ്ളാന്തെ സ്പീരിത്തു' എന്ന ചാക്രികലേഖനം വഴി, പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പയാണ് ഇതിനു പശ്ചാത്തലമൊരുക്കിയതു്. സാഹചര്യങ്ങളും ഒരു മുന്നേററത്തെ സഹായിക്കുന്നവയായിരുന്നു. പുരാണവസ്തുഗവേഷണവും പൗരസ്ത്യസംസ്കാരത്തിൻെറ ഉറവിടങ്ങളിൽ നടത്തിയ അന്വേഷണങ്ങളും ബൈബിളിൻെറ സാഹിത്യപരവും മതപരവുമായ പ്രത്യേകതകളിൽ വെളിച്ചം വീശി.

ബൈബിൾ വ്യാഖ്യാതാക്കൾക്കു പ്രധാനമായി രണ്ടു നിയമങ്ങളാണു മാർപ്പാപ്പ നിർദ്ദേശിച്ചു കൊടുത്തിട്ടുള്ളതു്. ഒന്നു്, വിശുദ്ധ ലേഖകൻ എഴുതാൻ ഉദ്ദേശിച്ചവ എന്താണെന്നു് പഠിക്കുക. അതിനു് ഒററവായന മതിയാകയില്ല; നിവേശിതൻെറ സംസ്കാരവും അവൻ എഴുതിയ പശ്ചാത്തലവും അവൻെറ 'സാഹിതീരൂപങ്ങളും' (literary forms) എല്ലാം കണക്കിലെടുക്കണം. രണ്ടു്, വിശുദ്ധ ലിഖിതത്തിലെ വളരെക്കുറച്ചു വാചകങ്ങളുടെ അത്ഥമേ സഭ

ഔദ്യോഗികമായി പഠിപ്പിച്ചിട്ടുള്ളു. അതുകൊണ്ടു ബാക്കിയു യുള്ളവയുടെ വ്യാഖ്യാനത്തിൽ പണ്ഡിതന്മാർക്കു വലിയ സ്വാതന്ത്ര്യമുണ്ടു്.

ഇതിൽ പ്രാധാന്യമർഹിക്കുന്നതു്, ഏററം വിപ്ലവകരമായി തോന്നുന്നതു് വിവിധ 'സാഹിതീരൂപങ്ങൾക്കു്' നല്കിയ അംഗീകാരമാണു്. ബൈബിളിനെ, വിശിഷ്യ, അതിലെ ചില പ്രത്യേക പുസ്തകങ്ങളെ, ചരിത്രമായി നാം കണക്കാക്കുന്നു. അതു ശരിതന്നെ. എന്നാൽ, അതിൽനിന്നു് കവിത, നാടോടിക്കഥകൾ തുടങ്ങിയ സാഹിതീരൂപങ്ങൾ ഒഴിവാക്കപ്പെട്ടിട്ടില്ല. അതുകൊണ്ടു്, സൃഷ്ടിയുടെ പുസ്തകത്തിൽ നാം കാണുന്ന പറുദീസായും പാമ്പും നന്മതിന്മയുടെ വൃക്ഷവുമൊക്കെ അക്ഷരശ: യഥാൎത്ഥമല്ലെന്നു വന്നാൽത്തന്നെ അതിൽ ഞെട്ടിപ്പിക്കത്തക്കതായി ഒന്നുമില്ല.

## വിശുദ്ധ ലിഖിതത്തിലെ വിവിധാർത്ഥങ്ങൾ

വിശുദ്ധഗ്രന്ഥത്തിൻെറ വ്യാഖ്യാതാക്കൾ അവശ്യം അറിഞ്ഞിരിക്കേണ്ടവയാണു് അതിനു നല്കപ്പെട്ടിരിക്കുന്ന വിവിധാൎത്ഥങ്ങൾ. a) വാച്യാൎത്ഥം (literal sense): ഒരു വ്യാഖ്യാതാവിൻെറ പ്രഥമ ചുമതല, വിശുദ്ധ ലേഖകൻ ഉപയോഗിച്ച വാക്കുകൾവഴി പകർന്നു കൊടുക്കാനുദ്ദേശിച്ച ആശയം മനസ്സിലാക്കുകയാണു്. ഇപ്രകാരം വ്യാഖ്യാതാവിനു ലഭിക്കുന്ന ആശയമാണു്, വാക്കുകളുടെ അൎത്ഥമാണു്, സാധാരണഗതിയിൽ വാച്യാൎത്ഥമെന്ന പേരിൽ അറിയപ്പെടുന്നതു്. ഏതൊരെഴുത്തുകാരനും തൻെറ ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനു തനിക്കിഷ്ടമുള്ള വാക്കുകൾ ഉപയോഗിക്കുന്നതുപോലെ വിശുദ്ധ ഗ്രന്ഥകർത്താവും പ്രത്യേകമായ പല ഭാഷാശൈലികളും ഉപയോഗിച്ചിരിക്കണം. ഇവയിൽ ചിലപ്പോൾ രണ്ടുവിധത്തിലുള്ള വാച്യാൎത്ഥങ്ങൾ ഉണ്ടാവാം. വാക്കുകൾ അവയുടെ സ്വാഭാവികവും സാധാരണവു

മായ അത്ഥം കറിക്കുമ്പോറം യഥാത്ഥമായവാച്യാത്ഥത്തെ ക്കാണിക്കുന്നു. എന്നാൽ, വാക്കുകറം ഒരു അലങ്കാരരൂപത്തിൽ ഉപയോഗിക്കപ്പെട്ടാൽ, അവ വാച്യാത്ഥമായിരുന്നാലും ഭാവാത്ഥമെന്നപേരിലാണറിയപ്പെടുന്നതു്. ഉദാഹരണത്തിനു് വി. യോഹന്നാൻ 1-ാം അദ്ധ്യായം 6-ാംവാക്യം: "ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻെറ പേർ യോഹന്നാൻ എന്നായിരുന്നു." ഇവിടെ ഉപയോഗിക്കപ്പെട്ടിരിക്കുന്ന വാക്കുകറം അവയുടെ യഥാത്ഥമായ അത്ഥത്തിലാണു്. എന്തുകൊണ്ടെന്നാൽ, വിശുദ്ധ ലേഖകൻ ദൈവത്താൽ അയക്കപ്പെട്ട യോഹന്നാൻ എന്ന പേരുള്ള ഒരു വ്യക്തിയെക്കുറിച്ചാണു സംസാരിക്കുന്നതു്. എന്നാൽ, യോഹന്നാൻ മാംദാന ഈശോയെ ചൂണ്ടിക്കൊണ്ടു് "കണ്ടാലും ദൈവത്തിൻെറ കുഞ്ഞാടു്"(യോ. 1, 29)എന്നു പറഞ്ഞപ്പോറം "കുഞ്ഞാടു്" എന്ന വാക്കു് അതിൻെറ യഥാത്ഥമായ അത്ഥത്തിലല്ല ഉപയോഗിച്ചതു്. നേരെ മറിച്ചു്, അലങ്കാരരൂപത്തിൽ "ദൈവത്തിൻെറ കുഞ്ഞാടു്" എന്നു് ഈശോയെ വിളിക്കാമെന്നു പറയുകയാണുണ്ടായതു്.

b) രൂപകാത്ഥം (typical sense): വാച്യാത്ഥം കഴിഞ്ഞാൽ പിന്നീടു നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നതു രൂപകാത്ഥമാണു്. തോമസ് അകചീനാസ് 'സുമ്മാ തിയളോജിക്കാ'യിൽ രൂപകാത്ഥത്തെക്കുറിച്ചു് ഇപ്രകാരം പറയുന്നു: "വസ്തുതകളെ സൂചിപ്പിക്കുന്ന വാക്കുകളെ ഉണ്ടാക്കുകമാത്രമല്ല, ആ വസ്തുതകളെ സൂചനാത്മകമാക്കുന്നതിനും വിശുദ്ധഗ്രന്ഥകത്താവായ ദൈവത്തിനു കഴിയും. ആകയാൽ, വാക്കുകറം നല്കുന്ന ആദ്യസൂചനയാണു് വാച്യാത്ഥം. വസ്തുകറംതന്നെ വേറെ വസ്തുതകളെ സൂചിപ്പിക്കുമ്പോറം അതു് വാച്യാത്ഥത്തിൽ അധിഷ്ഠിതമായ രൂപകാത്ഥമായി മാറുന്നു"(Summa, pars I, quaes. 1, art. x.).

വാക്കുകറം നേരിട്ടല്ല, വാക്കുകറം വ്യഞ്ജിപ്പിക്കുന്ന വസ്തുക്കറം, വ്യക്തികറം, സംഭവങ്ങറം എന്നിവ നേരിട്ടു മറെറാരു

സംഗതിയെ വെളിവാക്കുകയോ ഉപര്യൽകൃഷ്ടമായ ഒരു സത്യത്തെ മുൻകൂട്ടിക്കാണിക്കുകയോ ചെയ്യുമ്പോഴാണു രൂപകാർത്ഥം ഉണ്ടാകുന്നതു്. രൂപകാത്ഥം ഉണ്ടാകുന്നകാര്യത്തിൽ വിശുദ്ധ ഗ്രന്ഥകത്താക്കൾക്കു് ഒരു പങ്കുമില്ല. അവർ ഇതെക്കുറിച്ചു ബോധവാന്മാരേ അല്ലാ. ദൈവമാണു് ഈ അത്ഥം ഉണ്ടാക്കുകയും മനുഷ്യനു പിന്നീടു വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നതു്. ഒരുദാഹരണം കാണുക: "ക്രിസ്തുനാഥൻെറ കാലുകൾ പടയാളികൾ തകത്തില്ല" എന്നും "ഇവയെല്ലാം സംഭവിച്ചതു തിരുവെഴുത്തു പൂത്തിയാകുന്നതിനുവേണ്ടിയാണു്" എന്നും യോഹന്നാൻ സുവിശേഷകൻ പറയുന്നു (യോഹ. xix: 33, 36). "പുറപ്പാടിൻെറ പുസ്തക" ത്തിലേ വാക്യം ഇസ്രായേൽക്കാർ ഭക്ഷിച്ചിരുന്ന പെസഹാക്കുഞ്ഞാടിനെ സൂചിപ്പിക്കുന്നതത്രേ. പക്ഷേ, ആ വാക്യം ക്രിസ്തുവിൽ നിവത്തിതമായി. "പുറപ്പാടു്" എഴുതിയ ഗ്രന്ഥകാരനു വാച്യാത്ഥത്തെക്കുറിച്ചല്ലാതെ ഈ രൂപകാത്ഥത്തെപ്പററി ബോധമില്ലായിരുന്നു. എന്നാൽ, ദൈവം അതു പിന്നീടു വെളിപ്പെടുത്തിത്തന്നു. പ്രസ്തുതോദാഹരണത്തിൽ പെസഹാക്കുഞ്ഞാടു് ചിഹ്നവും (രൂപവും) അതിലൂടെ സൂചിതമാകുന്ന അത്ഥം രൂപകാത്ഥവുമാകുന്നു.

ഈ രൂപകാത്ഥത്തിൽത്തന്നെ മൂന്നു് അവാന്തരവിഭാഗങ്ങളുണ്ടു്. 1) അന്യാപദേശ (allegorical) രൂപകാത്ഥം: ക്രിസ്തുവിനേയും അവിടുത്തെ സഭയേയും സൂചിപ്പിക്കുന്നപ്രതിരൂപങ്ങൾവഴി ഇതു ലഭിക്കുന്നു. ഈ പ്രതിരൂപങ്ങൾ ആദാമും മൽക്കിസിദേക്കുംപോലെ വ്യക്തികളോ (Rom. 5, 4: Heb vii, 1-10) പെട്ടകം, പിച്ചളസർപ്പം (1 Pet. III, 20, 21; Jo. III. 14. 15) തുടങ്ങിയ സാധനങ്ങളോ ആഗാറിൻെറ ബഹിഷ്കരണംപോലുള്ള സംഭവങ്ങളൊ ആകാം. 2) ധാർമ്മികാത്ഥം: നമുക്കൊരു ഗുണപാഠം നല്കത്തക്കരീതിയിലുള്ളതാണിതു്. സുവിശേഷം പ്രസംഗിക്കുന്നവരെ സംരക്ഷിക്കുന്നതിനു ക്രൈസ്തവക്കുള്ള ചുമതലയെക്കുറിച്ചു് പൗലോ

സ്ശ്ലീഹാ ഈയത്ഥത്തിലാണു പറയുന്നതു്. 3) സദൃശാത്ഥം (anagogical sense) വരാനിരിക്കുന്നവയെ സൂചിപ്പിക്കുന്നവയിലൂടെ ഇതു ലഭിക്കുന്നു. ഈയത്ഥത്തിലാണു യൂദയായുടെ തലസ്ഥാനമായ ജറുസലം സ്വൎഗ്ഗീയ ജറുസലത്തിന്റെ സാദൃശ്യമായിരിക്കുന്നതു്.

c) പ്രയോഗാത്ഥം (accomodative sense) രൂപകാത്ഥത്തിൽനിന്നു് അധികം വിഭിന്നമല്ലാത്ത ഒന്നാണു് പ്രയോഗാത്ഥം എന്ന പേരിൽ അറിയപ്പെടുന്നതു്. വി. ഗ്രന്ഥകാരൻ പറഞ്ഞതിൽനിന്നു് വിഭിന്നമായ വസ്തുതയെ ബൈബിൾവാക്യം ഉദ്ധരിച്ചു വിശദീകരിക്കയാണു പ്രയോഗാത്ഥം. ഇതു രണ്ടുവിധത്തിലാകാം. ഒന്നു്, വാക്കുകൾ സൂചിപ്പിക്കുന്നതായ ആശയം വാസ്തവത്തിൽ വേറൊന്നിനോടു് പ്രയോഗിക്കാവുന്ന സന്ദർഭത്തിൽ· ഉദാഹരണത്തിനു്, സർപ്പം എന്നെ വഞ്ചിച്ചു എന്ന ഹവ്വായുടെ വാക്കുകൾ ഉച്ചരിച്ചുകൊണ്ടു് ഒരാൾ സ്വയം നീതീകരണം നടത്തുന്നെങ്കിൽ. രണ്ടു്, വിശുദ്ധ ലിഖിതത്തിൽ പറഞ്ഞിരിക്കുന്നതിൽനിന്നു തികച്ചും വിഭിന്നമായ ഒരത്ഥത്തിൽ വാക്കുകൾ വ്യാഖ്യാനിക്കപ്പെടുമ്പോൾ. ഉദാഹരണത്തിനു്, (സങ്കീ. 19, 26.) "പരിശുദ്ധനോടുകൂടി നീ പരിശുദ്ധനായിരിക്കും" എന്നു പറയുമ്പോൾ നല്ല കൂട്ടുകാരുമായുള്ള സഹവത്തിത്വത്തിൽനിന്നു് ഉണ്ടാകുന്ന നന്മകളാണു് ഉദ്ദേശിക്കുന്നതു്. എന്നാൽ, ഈ വാചകത്തിലേ അത്ഥം തികച്ചും വിഭിന്നമാണു്. അതായതു്, ദൈവം നല്ലവനും കരുണയുള്ളവനുമായി കാണപ്പെടുന്നു, നല്ലവനും സ്നേഹമുള്ളവനുമായ മനുഷ്യനു്.

പുതിയനിയമഗ്രന്ഥത്തിൽ പ്രയോഗാത്ഥത്തിനു ഗണ്യമായ ഒരു സ്ഥാനം നല്കിയിട്ടുണ്ടു്. പുതിയനിയമഗ്രന്ഥകത്താക്കളുടെ കാലടികളെ പിൻതുടൎന്നുകൊണ്ടു സഭാപിതാക്കന്മാരും പണ്ഡിതന്മാരും ബൈബിൾ വിശദീകരണത്തിനായി പ്രയോഗാത്ഥം ഉപയോഗിച്ചിട്ടുണ്ടു്. ബൈബിൾ പ്രസംഗിക്കുന്നവർക്കു് പ്രയോഗാത്ഥത്തിൽ അതു വ്യാഖ്യാനം ചെയ്യു

വാൻ കഴിയുമെന്നു് ഇതിൽനിന്നു സുവിദിതമാകുന്നു. എന്നാൽ, ബൈബിളിനോടുള്ള ബഹുമാനം നശിപ്പിക്കത്തക്ക രീതിയിൽ ഏച്ചുകെട്ടിയും വളച്ചൊടിച്ചുമുള്ള പ്രയോഗങ്ങൾ ഉപേക്ഷിക്കേണ്ടവയാണു്.

d) പൗരാണികാൎത്ഥം (mythical sense)

അവസാനമായി, യുക്തിവാദികളായ പണ്ഡിതന്മാർ വിശുദ്ധ ഗ്രന്ഥത്തിൽ ഉള്ളതായി അവകാശപ്പെടുന്ന ഒന്നാണു പൗരാണികാൎത്ഥം. ഉപമയിൽ എന്നതുപോലെ, എഴുത്തുകാരൻ സാധാരണക്കാരെ മനസ്സിലാക്കേണ്ടതിനായി ചരിത്രപരമായ ഒരു യഥാൎത്ഥവസ്തുതയെ അവതരിപ്പിക്കുകയല്ല ചെയ്യുന്നതു്; പ്രത്യുത, ചരിത്രപരമോ മതപരമോ ധാൎമ്മികമോ താത്വികമോ ആയ ഒരാശയം ചരിത്രപരമെന്നു തോന്നാവുന്ന ഒരു വിവരണംവഴി വ്യക്തമാക്കുകയാണു്. ഇങ്ങനെ നമ്മുടെ ആദിമാതാപിതാക്കന്മാരുടെ വീഴ്ചയും പിശാചിന്റെ കുതന്ത്രങ്ങളും വിലക്കപ്പെട്ട കനി വിഴുങ്ങിയതുമെല്ലാം അയഥാർത്ഥവിവരണങ്ങളായി കണക്കാക്കുന്നവരുണ്ടു്. ആദിമാതാപിതാക്കന്മാർ അവർക്കുണ്ടായിരുന്ന ആദ്യപരിശുദ്ധിയിൽനിന്നു സ്രഷ്ടാവിനോടുള്ള അനുസരണക്കേടുമൂലം നിപതിച്ചു എന്ന മഹാരഹസ്യം ആണു വിശുദ്ധ ഗ്രന്ഥകാരൻ പ്രത്യേകവിധത്തിലുള്ള ഈ വിവരണംവഴി വെളിപ്പെടുത്തുന്നതെന്നു് അവർ കരുതുന്നു. അതുകൊണ്ടു് വിശുദ്ധ ഗ്രന്ഥകാരന്റെ പൗരാണികാൎത്ഥം കണ്ടുപിടിക്കുവാനാഗ്രഹിക്കുന്നവർ, അവൻ എഴുതിയ സമയത്തിന്റേയോ രാജ്യത്തിന്റെയോ പ്രത്യേകതകളെ വിഗണിച്ചുകൊണ്ടു്, ധാർമ്മികമോ താത്വികമോ മതപരമോ ആയ ആശയം—എഴുത്തുകാരനാൽ ഉദ്ദേശിക്കപ്പെട്ടതു്—പിടിച്ചെടുക്കുവാനാണു ശ്രമിക്കേണ്ടതെന്നു് അവർ അഭിപ്രായപ്പെടുന്നു.

## ഒരൗദ്യോഗികവ്യാഖ്യാതാവു് ആവശ്യമോ?

ബൈബിൾവായിച്ചു് എല്ലാം ശരിക്കു ഗ്രഹിക്കുക അത്ര

എളുപ്പമല്ലെന്നു ബൈബിളിൻെറ വിവിധാൎത്ഥങ്ങളിൽനി ന്നും അതു വായിക്കുമ്പോൾ ഉളവാകുന്ന മററു പ്രശ്നങ്ങ ളിൽനിന്നും നമുക്കു മനസ്സിലാക്കാം. വിശുദ്ധഗ്രന്ഥപണ്ഡി തന്മാർക്കും തദ്വ്യാഖ്യാനത്തിൽ പ്രത്യേകം പരിശീലനം ലഭിച്ചവർക്കുംപോലും ഈ വിഷമത ചിലപ്പോൾ അനുഭവ പ്പെടാറുണ്ടു്. അപ്പോൾ ഒരു സാധാരണക്കാരൻെറ സ്ഥിതി പറയേണ്ടല്ലോ, അവൻ സ്വകാര്യവ്യാഖ്യാനത്തിനുകൂടി മു തിർന്നാൽ!

പൗലോസ്ശ്ലീഹാ പറയുന്നതുപോലെ ദൈവം "സക ല മനുഷ്യരും രക്ഷപ്രാപിക്കണമെന്നും സത്യത്തിൻെറ അറി വിലേക്കു തിരിയണമെന്നും ഇച്ഛിക്കുന്നു" (1 തിമോ. ii 4). "നിങ്ങളുടെ വിശ്വാസത്തിൻെറ പ്രതീക്ഷയെക്കുറിച്ചു് ന്യാ യംചോദിക്കുന്ന ഏവനോടും വിനയത്തോടും സമാധാനത്തോ ടും ന്യായം പറയുവാൻ ഒരുങ്ങിയിരിക്കുവിൻ" (1 പത്രോ. 3, 15) എന്നു് വി. പത്രോസ്ശ്ലീഹായും നിർദ്ദേശിക്കുന്നു. ക്രിസ്തു പഠിപ്പിച്ചവയിൽ വിശ്വസിക്കുക നിത്യരക്ഷയ്ക്കു് അ ത്യന്താപേക്ഷിതമെന്ന് സുവിശേഷകൻ സാക്ഷിക്കുന്നു. (cfr. മർക്കോ. 16, 16). എന്നാൽ, ദൈവം വെളി പ്പെടുത്തിയവ ഏവയെന്നു വ്യക്തമായി ഗ്രഹിക്കാതെ എങ്ങനെ അവയിൽ വിശ്വസിക്കാൻ കഴിയും? 'സുവിശേ ഷം പ്രസംഗിക്കുവിൻ' എന്ന ക്രിസ്തുവിൻെറ കല്പന ഈ ഇരുപതാംനൂററാണ്ടിൽ അൎത്ഥശൂന്യവും യുക്തിക്കു നിരക്കാ ത്തതുമായിരിക്കും, അപ്പസ്തോലന്മാരെ അവിടുന്നു പഠിപ്പിച്ചവ യും അവർ ആദ്യകാലങ്ങളിൽ ജനങ്ങളെ പഠിപ്പിച്ചവയുമായ നിത്യസത്യങ്ങൾ അറിയുന്നതിനുള്ള മാൎഗ്ഗം അവിടുന്നു നിർദ്ദേ ശിച്ചുതന്നിട്ടില്ലായിരുന്നെങ്കിൽ. അതുകൊണ്ടു് അവിടുത്തെ ദൌത്യം പൂർണ്ണമായി അറിയുന്നതിനും അതിൻെറ ശരിയായ വ്യാഖ്യാനം ഗ്രഹിക്കുന്നതിനുമുള്ള മാൎഗ്ഗം അവിടുന്നു നിർദ്ദേ ശിച്ചിരിക്കണം. ഇവിടെയാണു പ്രോട്ടസ്റ്റൻറുകാരും കത്തോ ലിക്കരും തമ്മിൽ വിയോജിക്കുന്നതു്. "സത്യത്തിൻെറ തൂ

ണും അടിസ്ഥാനവും" (1 തിമോ. 3, 15) ആയ തിരുസ്സഭയുടെ സ്ഥാപനം നടന്ന് പതിനഞ്ചുനൂററാണ്ടുകൾക്കുശേഷം നവീകരണക്കാർ, നൂററാണ്ടുകളിലൂടെ നിലനിന്നുപോന്ന സഭയുടെ അധികാരത്തെ നിഷേധിച്ചു. സഭയുടെ ഈ അധികാരത്തിനു പകരം ബൈബിൾ വ്യാഖ്യാനിക്കുന്നതിനുള്ള അധികാരം അതു വായിക്കുന്ന ഓരോരുത്തർക്കും അവർ നല്കി. ദൈവത്തിൻെറ വെളിപാട് നിവേശിതഗ്രന്ഥങ്ങളിൽ ഉണ്ടെന്നും അവ ആത്മാർത്ഥതയോടുകൂടെ വായിക്കുന്ന ഏവർക്കും റൂഹാദക്കുദാശയുടെ പ്രകാശനം താനെ ലഭിക്കുമെന്നുമത്രേ അവരുടെ വാദം.

എക്കാലവും കത്തോലിക്കാ സഭ സത്യത്തിൻെറ തൂണും അടിസ്ഥാനവുമാകുന്നു. സഭയോടുകൂടെയാണു ക്രിസ്തുവിൻെറ സാന്നിദ്ധ്യം വാഗ്ദാനംചെയ്യപ്പെട്ടിരിക്കുന്നതു്. സഭയിലും സഭയിലൂടെയുമാണു ക്രിസ്തു ഔദ്യോഗികമായും ആധികാരികമായും പ്രമാദരഹിതമായും മനുഷ്യകുലത്തോടു സംസാരിക്കുന്നതു്. പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ 'ക്രിസ്തുവിൻെറ ജീവിക്കുന്ന അവയവംവഴി' ക്രിസ്തു ലോകത്തോടു സംസാരിക്കുകയും എല്ലാ ജനപദങ്ങൾക്കും അവിടുത്തെ ദിവ്യപ്രബോധനങ്ങളും അവയുടെ ഔദ്യോഗികമായ വ്യാഖ്യാനവും നല്കുകയും ചെയ്യുന്നു. ക്രിസ്തുവിൻെറ പ്രബോധനങ്ങൾക്കു വിരുദ്ധങ്ങളായ ധാർമ്മികവും വിശ്വാസപരവുമായ എല്ലാ അബദ്ധങ്ങളേയും തിരുത്തുവാൻ സഭ എന്നും ജാഗരൂകയാണ്. ഇക്കാര്യങ്ങളിൽ അവൾ വ്യക്തമായും ഖണ്ഡിതമായും സാരമാത്രമായും തൻെറ സ്ഥാപകനായ ക്രിസ്തു ചെയ്തവിധം "അധികാരപൂർവ്വം" സംസാരിക്കുന്നു.

വെളിപ്പെടുത്തപ്പെട്ട സത്യങ്ങളിന്മേൽ സഭയ്ക്കുള്ള അധികാരാവകാശങ്ങളെ ഒരധികാരദുർവ്വിനിയോഗമായി തരംതാഴ്ത്തുവാനും താറടിക്കുവാനും പലരും ശ്രമിക്കാറുണ്ടു്. സഭയുടേതു് അധികാരദുർവിനിയോഗമോ അല്ലയോ എന്നു തീരുമാനിക്കുന്നതു ചരിത്രവും ബൈബിളും നല്കുന്ന തെളിവനുസരിച്ചാ

യിരിക്കണം. നൂററാണ്ടുകളുടെ ചരിത്രം പരിശോധിച്ചുനോക്കിയാൽ പതിനായിരക്കണക്കിനാളുകൾക്ക് ഈ തെളിവുകൾ തൃപ്തികരമായിരുന്നെന്നു മനസ്സിലാക്കാം. സഭയുടെ സുനിഷ്കർഷവും പ്രമാദരഹിതവുമായ അധികാരം അവർ സ്വീകരിച്ചതിനാൽ അവരുടെ വിശ്വാസത്തിനു നേരിയൊരുലച്ചിൽപോലും തട്ടിയില്ല. മതത്തിൽ വിശ്വസിക്കുന്നവർക്കുള്ള ആത്മസമാധാനം അവർക്കു ലഭിക്കുകയും ചെയ്തു.

തന്നിഷ്ടമനുസരിച്ച് ബൈബിളിനു് ഒരു വിശദീകരണം നല്കാനോ ദുർവ്യാഖ്യാനങ്ങൾക്കെതിരായി പ്രതിഷേധം രേഖപ്പെടുത്തി അവയ്ക്കു തിരുത്തൽ ചെയ്യാനോ ഒരു വ്യക്തിക്കു സാധ്യമല്ല. മറേറതൊരു പുസ്തകവുംപോലെ, ബൈബിളും ദുരുപയോഗിക്കപ്പെടുകയും സംശയത്തിനും അനൈക്യത്തിനും ഉപാധി ആക്കപ്പെടുകയും ചെയ്യാം. ഈ ചുററുപാടിൽ ദൈവത്തിൻെറ സന്ദേശമെന്തെന്നും അതിൻെറ അർത്ഥമെന്തെന്നും ആർക്കു നിശ്ചയിക്കുവാൻ കഴിയും? വിവിധങ്ങളും പരസ്പരവിരുദ്ധങ്ങളുമായ പല അർത്ഥങ്ങൾ ഒരേ വാചകത്തിനു നല്കുന്ന ബുദ്ധിശാലികളായ അനേകം വ്യക്തികളിൽ ആരുടേതാണു ശരിയെന്നും ആരുടേതാണു തെറെറന്നും നിർണ്ണയിക്കുന്നതെങ്ങനെ?

താൻ പഠിപ്പിച്ചവ മനുഷ്യർ അറിയുന്നതിനും ഗ്രഹിക്കുന്നതിനും യാതൊരു മാർഗ്ഗവും ക്രിസ്തു നിർദ്ദേശിച്ചുതന്നില്ലെങ്കിൽ അവിടുത്തെ മനുഷ്യാവതാരവും പ്രബോധനങ്ങളും നിഷ്ഫലമാകുമായിരുന്നു. എന്നാൽ, മനുഷ്യരോടുള്ള സ്നേഹത്താൽ പ്രേരിതനായ ക്രിസ്തു തൻെറ പ്രബോധനങ്ങളെ നാം അറിയുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള പോംവഴി നമുക്കു നിർദ്ദേശിച്ചുതന്നു. താൻ പഠിപ്പിച്ചവയെല്ലാം ജനങ്ങളെ പഠിപ്പിക്കുവാൻ അവിടുന്നു സഭയെ ചുമതലപ്പെടുത്തി. ലോകാവസാനത്തോളം തൻെറ സഹായം വാഗ്ദാനം ചെയ്യുകയുംചെയ്തു.

## സ്വകാര്യവ്യാഖ്യാനം അനൈക്യത്തിലേക്ക്

വെള്ളമണൽ വളരെ ഉപയോഗപ്രദമായ സാധനമാണ്. എന്നാൽ, ഇന്നുവരേയും പഞ്ചസാരയ്ക്കു പകരമായി അതുപയോഗപ്പെടുത്താൻ ആക്കും സാധിച്ചിട്ടില്ല. ബൈബിളിന്റെ കാര്യവും ഇതുതന്നെ. ശരിയായവിധത്തിൽ ഉപയോഗിച്ചാൽ അത് "ഉപദേശത്തിനും ശാസനത്തിനും നീതിയിലുള്ള നടത്തലിനും പ്രയോജനകരമാകുന്നു, ദൈവത്തിന്റെ മനുഷ്യൻ സകല സൽക്കർമ്മങ്ങൾക്കും പൂർണ്ണനും തികഞ്ഞവനുമായിത്തീരുവാൻ" (2 തിമോ. iii, 16, 17). മനുഷ്യൻ ബൈബിളിനെ ദുരുപയോഗിക്കുമ്പോൾ, സ്വന്തം താൽപര്യങ്ങൾക്കായി അതിലെ വാചകങ്ങളെ വളച്ചൊടിക്കുമ്പോൾ ഉണ്ടാകുന്ന ഫലം ആശാസ്യമായിരിക്കുകയില്ല.

"ദൈവം കലഹത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ (ദൈവം) ആകുന്നു" (1 കൊറി. xiv, 33). സഭയിലുണ്ടായിരിക്കേണ്ട ഐക്യത്തേയും യോജിപ്പിനേയും സൂചിപ്പിക്കുന്നതിനായിട്ടാണു പൗലോസ് ശ്ലീഹാ അപ്രകാരമെഴുതിയതു്. എന്നാൽ, ബൈബിൾ വ്യാഖ്യാനങ്ങളിൽമാത്രം അധിഷ്ഠിതങ്ങളായ മുന്നൂറിലേറെ ക്രൈസ്തവവിഭാഗങ്ങൾ നമ്മുടെയിടയിൽ ഉണ്ടെന്നറിഞ്ഞാൽ പൗലോസ്ശ്ലീഹാ എന്തു വിചാരിക്കുമോ! ഒരാൾ ബൈബിൾ വായിക്കുകയും മാമ്മോദീസ എല്ലാവക്കും നിത്യരക്ഷക്കു് അത്യന്താപേക്ഷിതമെന്ന തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു. വേറൊരാൾ ബൈബിൾ വായിക്കുകയും മാമ്മോദീസ പ്രായപൂത്തിയായവക്കുമാത്രമേ ആവശ്യമുള്ളുവെന്നും കുട്ടികൾക്കതിന്റെ ആവശ്യമില്ലെന്നും തെളിയിക്കുന്നു. മൂന്നാമതൊരാളുടെ അഭിപ്രായത്തിൽ മാമ്മോദീസ ഒരുവിധത്തിലും നിത്യരക്ഷയ്ക്കു് അനിവാര്യമായിഭവിക്കുന്നില്ല; പ്രത്യുത, നേവിയിലോ പട്ടാളത്തിലോ ചേരുമ്പോൾ ഉള്ളതുപോലെ ഒരുതരം ചടങ്ങുമാത്രമാണതു്. ഒരു വിഭാഗമാളുകൾ വിശുദ്ധഗ്രന്ഥത്തെ സം

ക്ഷ്യപ്പെടുത്തിക്കൊണ്ടു പറയുന്നു, നിത്യമായ ശിക്ഷാവിധിക്ക് ഒരു മഹാഭൂരിപക്ഷവും വിധേയമാക്കപ്പെട്ടിരിക്കുന്നുവെന്ന്. അതേസമയം വേറൊരുവിഭാഗം ആളുകൾ ആ വിശുദ്ധ ഗ്രന്ഥംതന്നെ ഉപയോഗിച്ചുകൊണ്ടു പറയുന്നു, എല്ലാവരും നിത്യസമ്മാനത്തിനർഹരായിത്തീരുമെന്ന്. ഒരാൾ വിശ്വസിക്കുന്നു, ക്രിസ്തു ദൈവമാണെന്ന്. വേറെരാൾ ക്രിസ്തുവിന്റെ മാനുഷികമായ വ്യക്തിമാഹാത്മ്യത്തെ ഉയർത്തിക്കാണിക്കുകമാത്രമേ ചെയ്യുന്നുള്ളു. പാപികളെ ശിക്ഷിക്കുന്നതിനായി ഒരു നിത്യനരകമുണ്ടെന്ന് ഒരുവനും നരകമെന്നൊന്നില്ലെന്നു അപരനും വാദിക്കുന്നു! സഭയിലേ മെത്രാന്മാരെ നിയമിച്ചതു ക്രിസ്തുവാണെന്നും, അല്ല, സഭയിലേ ഹൈരാക്കി പിശാചിന്റെ പണിയാണെന്നും വിരുദ്ധവിശ്വാസങ്ങളുള്ളവരുമുണ്ട്. ഇപ്രകാരം,ബൈബിളിനെ അടിസ്ഥാനപ്പെടുത്തിത്തന്നെ വിഭിന്നവിശ്വാസങ്ങളും അഭിപ്രായങ്ങളും പെരുകിവരുകയാണു്.

പരസ്പരവിരുദ്ധങ്ങളായ ഈ അഭിപ്രായങ്ങൾ എല്ലാം ശരിയായിരിക്കുക സാധ്യമല്ല. ഒരാൾ ഒരു സ്വകാര്യാഭിപ്രായത്തെ മുറുകെപ്പിടിക്കുകയും വേറൊരാൾ അതിനെ പൂർണ്ണമായി നിഷേധിക്കുകയും ചെയ്യുമ്പോൾ അതിൽ ഒന്നെങ്കിലും തെററായിരിക്കണം. തീർച്ചയായും പരസ്പരവിരുദ്ധങ്ങളായ പ്രബോധനങ്ങൾ വിശുദ്ധഗ്രന്ഥങ്ങളിൽ കാണുകയില്ല. 'ആന്തരികസ്വര'മെന്ന മിഥ്യയിൽ വിശ്വസിച്ച്, ഓരോരുത്തനും സ്വാഭിപ്രായപ്രകാരം ബൈബിൾ വ്യാഖ്യാനിക്കുവാൻ സ്വാതന്ത്ര്യം കാട്ടുന്നതിന്റെ ഫലമാണ്, ഈ ചിന്താക്കുഴപ്പമുണ്ടാക്കുന്ന ആശയപ്രകടനങ്ങൾ. ക്രൈസ്തവസഭയ്ക്കു് ഇടർച്ച വരുത്തുമാറു് കുഴപ്പങ്ങൾ സൃഷ്ടിക്കുവാൻ ഈ വ്യക്തിപരമായ വ്യാഖ്യാനങ്ങൾ വഴിതെളിച്ചു. എന്നാൽ, ക്രിസ്തുവിലുള്ള സത്യവിശ്വാസത്തിന്റെ അവശ്യാവശ്യകതയെ മനസ്സിലാക്കുന്ന ഒരുവനു് ഈ വ്യവസ്ഥിതിയെ വ്യസനസമേതമേ സ്മരിക്കുവാൻ കഴിയൂ.

ക്തേിയോട്ടകളുടെ വിശുദ്ധഗ്രന്ഥം വായിക്കുന്നവക്കു റൂഹാദക്കുദ്ശായുടെ വെളിപാടുണ്ടാകുമെന്നും അതിന്റെ അത്ഥം ഗ്രഹിക്കുക എളുപ്പമാണെന്നുമുള്ള അഭ്യൂഹത്തെ വിഡ്ഢിത്തമായിമാററുന്നതു വിവിധവിശ്വാസങ്ങളുടെ ഈ സംഘട്ടനമാണു്. മുന്നൂറിൽപ്പരംവരുന്ന ക്രൈസ്തവമതവിഭാഗങ്ങളിലെ ആളുകളുടെയെല്ലാം ആത്മാത്ഥതയേയും സന്മനസ്സിനേയും ചോദ്യം ചെയ്യുവാൻ ഒരു കായ്യവുമില്ല. പ്രാത്ഥനാരൂപിയോട്ടകളുടെ പുണ്യജീവിതം നയിക്കുന്ന അനേകം നല്ല മനുഷ്യർ അവരുടെയിടയിലുണ്ടു്. എന്നാൽ, ബൈബിളിൽ ഉണ്ടെന്നു് അവർ വിശ്വസിക്കുന്നതും അവകാശപ്പെട്ടുന്നതുമെല്ലാം റൂഹാദക്കുദ്ശായാൽ എഴുതപ്പെട്ടതായി സമ്മതിക്കുവാൻ നമുക്കു നിവൃത്തിയില്ല. കാരണം, നമ്മുടെ ദൈവം കലഹത്തിന്റെ ദൈവമല്ല, സമാധാനത്തിന്റേയും ഐക്യത്തിന്റേയും ദൈവമാണു്. ഒരു പ്രോട്ടസ്റ്റൻറുകാരനും വിശുദ്ധഗ്രന്ഥപണ്ഡിതനുമായ ഡോക്ടർ ഹർണാക്കു് ബൈബിൾ വ്യാഖ്യാനത്തെക്കുറിച്ചു് ഇങ്ങനെ പറയുന്നു: "റൂഹാദക്കുദ്ശായാൽ എല്ലാസത്യങ്ങളിലേക്കും നയിക്കപ്പെട്ടുമെന്നു വാഗ്ദാനം ചെയ്യപ്പെട്ട കത്തോലിക്കാസഭ, ബൈബിൾ ഔദ്യോഗികമായി വ്യാഖ്യാനിക്കുന്നതിനുള്ള അധികാരം തനിക്കു മാത്രമേയുള്ളു എന്നു് അവകാശപ്പെടുന്നതിൽ ഏററം മെച്ചമായ ഒരു നിലപാടാണു സ്വീകരിച്ചിരിക്കുന്നതു്." അദ്ദേഹം ഇപ്രകാരം തുടരുന്നു: "ക്രൈസ്തവസഭയുടെ ഈയധികാരത്തിനുപകരം, പ്രോട്ടസ്റ്റൻറുസഭ പരിശുദ്ധാരൂപിയുടെ വെളിപാടു് ഓരോ വ്യക്തിക്കും നല്കുന്നെങ്കിൽ, ആ നിലപാടു് അതൃപ്തികരമായിരിക്കും. കാരണം, വിവിധവ്യാഖ്യാനങ്ങൾക്കു പഴുതുള്ള ഒററ ബൈബിൾവാക്യത്തിനും തൃപ്തികരമായ ഒരു രമ്യതാമാൎഗ്ഗം നിർദ്ദേശിച്ചിട്ടില്ലെന്നതുതന്നെ." (*) പല 'സത്യക്രിസ്ത്യാനി'കളുടെയും മതപരമായ ചിന്താക്കുഴപ്പത്തിനു

(*) Bible Reading in the Early Church, p. 9.

കാരണം പരിശുദ്ധാത്മപിയല്ല, നേരെമറിച്ച്, ഓരോരുത്തനും തന്റെ ഭാവനയ്ക്കനുസൃതമായി നടത്തുന്ന തെററായ വിധിതീപ്പാണു്. ദൈവം പരിശുദ്ധാത്മപിയെ സഭയ്ക്കു വാഗ്ദാനം ചെയ്യുകയും വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ സഭയ്ക്കു് അപ്രമാദിത്വം നല്കുകയും ചെയ്തു. ആകയാൽ, പൊതുസൂനഹദോസുകളിലൂടെയോ സഭയുടെ തലവനായ മാപ്പാപ്പവഴിയോ സഭ ഔദ്യോഗികമായി സംസാരിക്കുമ്പോൾ അവൾ പ്രമാദരഹിതയായിരിക്കും.

സാധാരണക്കാർ അന്ധകാരത്തിലും അജ്ഞതയിലും അലഞ്ഞുതിരിയുന്നതിനും ഏതുവിധവും വ്യാഖ്യാനിക്കാവുന്ന ഒരു പുസ്തകംമാത്രം നല്കി അവർ ആത്മരക്ഷ ഒത്തെങ്കിൽ നേടിക്കൊള്ളട്ടെ എന്നു വയ്ക്കുന്നതിനുംമാത്രം ക്രിസ്തു അത്ര കഠിനഹൃദയനായിരുന്നില്ല. മനുഷ്യാവതാരംചെയ്ത ക്രിസ്തു ഒരു സഭ സ്ഥാപിക്കുകയും തന്റെ പ്രബോധനങ്ങളേയും നിയമങ്ങളേയും അവളെ ഗ്രഹിപ്പിക്കുകയും പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മപിയെ അയച്ചു താൻ പഠിപ്പിച്ചതുപോലെ, പോയി ലോകമെങ്ങും പഠിപ്പിക്കുവാൻ അവളെ ചുമതലപ്പെടുത്തുകയും അധികാരപ്പെടുത്തുകയും ചെയ്തു. ബൈബിൾ മാത്രം മതി ആത്മരക്ഷയ്ക്കെങ്കിൽ സഭ വേണ്ടായിരുന്നല്ലോ.

സഭയ്ക്കു പുതിയ നിയമത്തിന്റെ അത്ഥവും വ്യാപ്തിയും അറിയാം; കാരണം, അതവൾ എഴുതിയതാണു്. പഴയനിയമത്തിന്റേയും അത്ഥമറിയാം; കാരണം, അവൾ അതിന്റെ അവകാശിയാണു്. സഭയ്ക്കു ജീവനും സംരക്ഷണവും നല്കുന്ന പരിശുദ്ധാത്മപിതന്നെയാണു ബൈബിളിലും പ്രവത്തിച്ചതു്. ആകയാൽ, സഭ പാലിക്കുന്ന യാതൊരു വിശ്വാസസത്യത്തിനും ബൈബിൾ വിരുദ്ധമായി നില്ക്കുന്നില്ല. ബൈബിൾ ദുവ്യാഖ്യാനം ചെയ്യുകയും സഭയുടെ പ്രബോധനങ്ങൾക്കു കടകവിരുദ്ധങ്ങളായ വിശ്വാസങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന വ്യക്തികളുണ്ടു്. വി. പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ സഭയ്ക്കുവരോടു പറയുവാനുള്ളതു് ഇതുമാത്രമാ

ണ്: "ആരെങ്കിലും ഇവയ്യെതിരായി തക്കിക്കുന്നുവെങ്കിൽ ഇങ്ങനെയുള്ള പതിവ് ഞങ്ങൾക്കാകട്ടെ ദൈവത്തിൻെറ സഭയ്ക്കാകട്ടെ ഇല്ല" (1 കൊറി. xi: 16).

## വിശ്വാസത്തിൻെറ ആധാരം

നിത്യരക്ഷയ്ക്കു് അത്യാവശ്യമെന്നു ദൈവം നിർദ്ദേശിക്കുന്ന സത്യങ്ങളിൽ വിശ്വസിക്കുകയും പുണ്യജീവിതത്തെ ത്വരിതപ്പെടുത്തുന്നതിനായിവച്ചിരിക്കുന്ന കല്പനകളെ ഗ്രഹിച്ചനുസരിക്കുകയും ചെയ്യുന്നതിലാണു ക്രിസ്തീയവിശ്വാസം അടങ്ങിയിരിക്കുന്നതു്. ക്രിസ്തീയതത്വങ്ങളിൽ ശരിയായ വിശ്വാസമുള്ളവർ നിത്യരക്ഷയുടെ രാജപാതയിലാണു നില്ക്കുന്നതു്. നാം നമ്മുടെ വാഗ്ദാനങ്ങളോടു വിശ്വസ്തരാണെങ്കിൽ ക്രിസ്തുവും അവിടുത്തെ വാഗ്ദാനങ്ങളോടു വിശ്വസ്തനായിരിക്കും. അതുകൊണ്ടാണു വി. പൗലോസ്ശ്ലീഹാ പറയുന്നതു്, "നമുക്കു് അവനിൽ ധൈര്യവും വിശ്വാസത്തിൻെറ ഉറപ്പുമൂലം സാമീപ്യവും ഉണ്ടു്" എന്നു് (എഫേ. 3: 12). ചുരുക്കത്തിൽ വിശ്വാസത്തിനു രണ്ടു കാര്യങ്ങൾ അത്യന്താപേക്ഷിതങ്ങളാണ്. ഒന്നു്, ദൈവം വെളിപ്പെടുത്തിയവയിൽ വിശ്വസിക്കുവാൻ നാം സന്നദ്ധരായിരിക്കണം. രണ്ടു്, നാം എവിടേക്കു നയിക്കപ്പെട്ടാലും ഏതു സാഹചര്യത്തിലായിരുന്നാലും ഏതവസ്ഥയിൽ ജീവിച്ചാലും ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്വഴങ്ങണം. അല്ലെങ്കിൽ നാം ദൈവശാപത്തിനു് ഇരയായിത്തീരുമെന്നു സുവിശേഷകൻ പറയുന്നു: "വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മക്കോ. 16: 16).

ദൈവം വെളിപ്പെടുത്തിയവ വിശ്വസിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചതുകൊണ്ടുമാത്രം നമ്മുടെ കടമ തീരുന്നില്ല. ദൈവം വെളിപ്പെടുത്തിയവ ഏവയെന്നു് അറിയാനുള്ള ചുമതലകൂടി നമുക്കുണ്ടു്. എവിടെനിന്നു നമുക്കു് അവ അറിയുവാൻ കഴിയും? ഏതാണു വിശ്വാസത്തിൻെറ ആധാരം?

ഒരു പ്രോട്ടസ്റ്റൻറുകാരൻ ഇങ്ങനെ പ്രതിവചിക്കും:

ദൈവം വെളിപ്പെടുത്തിയവ ഏവയെന്നറിയുന്നതെവിടെനി ന്നെന്നോ? ബൈബിളിൽനിന്നു്. ബൈബിളാണു വിശ്വാസ ത്തിൻെറ ഏക ഉറവിടം, ഏകാധാരം. നിത്യരക്ഷയ്ക്കാവശ്യ മായ എല്ലാ സനാതനസത്യങ്ങളും ദൈവം വെളിപ്പെടുത്തി യിട്ടുണ്ടു്. അവയെല്ലാം ബൈബിളിലുണ്ടുതാനും.* ബൈബിൾ വായിക്കാനും വ്യാഖ്യാനിക്കാനുമുള്ള സ്വാതന്ത്ര്യം ഏവക്കുമു ണ്ടു്. പരിശുദ്ധാത്മാവു്, അഥവാ, ഒരാന്തരികസ്വരം എന്തെ ല്ലാം വിശ്വസിക്കണമെന്നു തോന്നിക്കും. വിശ്വാസത്തിലോ മതാചരണത്തിലോ വൈരുദ്ധ്യങ്ങളുണ്ടെങ്കിലെന്തു്? ഓരോ വ്യക്തിയേയും നയിക്കുന്നതു ദൈവവചനമാണല്ലോ. ചുരു ക്കത്തിൽ,ഒരകത്തോലിക്കനെസ്സംബന്ധിച്ചിടത്തോളം ബൈ ബിളാണു്, ബൈബിൾമാത്രമാണു വിശ്വാസത്തിൻെറ ആ ധാരം.

കത്തോലിക്കൻ പറയും: ദൈവവചനംതന്നെ വിശ്വാ സത്തിൻെറ ആധാരം. ദൈവവചനമായ ക്രിസ്തുനാഥൻ പ ത്രോസാകുന്ന പാറമേൽ ഉറപ്പും അധികാരവുമുള്ള ഒരു സഭ സ്ഥാപിച്ചു (മത്താ. xvi: 18, xxviii: 19). അതിനു സദാ കാലവും ദൈവസഹായം വാഗ്ദാനം ചെയ്തു. പുതിയനിയമ ഗ്രന്ഥങ്ങൾക്കുമുമ്പു ക്രിസ്തുവും സഭയും ഉണ്ടായിരുന്നു. ബൈ ബിൾപാരായണം കൂടാതെതന്നെ ലോകത്തിൻെറ നാനാഭാ ഗങ്ങളിൽ ജനങ്ങൾ ക്രിസ്തുവിലും ക്രിസ്തീയസഭയിലും വി ശ്വസിക്കുകയും രക്ഷപ്പെടുകയും ചെയ്തിരുന്നു. ക്രിസ്തുവിൻെറ കുരിശുമരണവും സഭാസ്ഥാപനവും ഒക്കെ കഴിഞ്ഞു കുറെ വ ഷങ്ങൾക്കുശേഷമാണു ദിവ്യഗുരുവിൻെറ നാലു ലഘുജീവച രിത്രങ്ങളും പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ചില ചെയ്തി കളും കുറെ ലേഖനങ്ങളും മററും വിരചിതങ്ങളായതു്. അറി യേണ്ട എല്ലാക്കായ്യങ്ങളും എഴുതപ്പെട്ടിട്ടില്ല. അവർ എഴുതാ

(*) എല്ലാ പ്രോട്ടസ്റ്റൻറുകാരും ബൈബിൾ ദൈവനിവേശിത മെന്നു വിശ്വസിക്കുന്നില്ല.

ത്തും ഗ്രന്ഥനിർമ്മിതിക്കു മുമ്പും പിമ്പും പഠിപ്പിച്ചിരുന്നതുമായ വസ്തുതകളും സഭയുടെ പാരമ്പര്യത്തിൽ അഭംഗം സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അപ്പസ്തോലന്മാരും മററു ദൈവനിവേശിതരും എഴുതിയ കാര്യങ്ങൾ ദൈവവചനമായി സഭ എന്നും കണക്കാക്കുകയും കാത്തുസൂക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്തുപോരുന്നുണ്ട്. സഭയുടേതാണു ബൈബിൾ; സഭയാണിതിൻെറ സംരക്ഷക.

സജീവവും പവിത്രവുമായ പാരമ്പര്യത്തിൻെറ സഹായത്തോടേ ബൈബിൾ സമ്പുഷ്ടമാക്കാനും(to supplement) ദൈവദത്തമായ അധികാരത്തോടേ അതിനെ വ്യാഖ്യാനിക്കാനും സഭയ്ക്കേ സാധിക്കൂ. കൂടാതെ, പുതിയനിയമം എഴുതിയകാലത്തുതന്നെ അതിലേ ചില ഭാഗങ്ങൾ ദുർഗ്രഹവും ദുർവ്യാഖ്യാനവിധേയവുമായേക്കാമെന്നു തദ്കർത്താക്കൾ ശങ്കിച്ചെങ്കിൽ, പത്തൊൻപതു നൂററാണ്ടുകൾക്കുശേഷം നാം ആ ഗ്രന്ഥത്തെ സ്വമേധയാ വ്യാഖ്യാനിക്കാൻ മുതിർന്നാൽ എന്തായിരിക്കും സ്ഥിതി! സാഹചര്യങ്ങൾ മാറി; വാക്കുകളുടെ അർത്ഥം മാറി; ഭാഷാപ്രയോഗങ്ങളുടെ വ്യംഗ്യവും ധ്വനിയും അവ്യക്തമായി. തെററുപററാൻ പഴുതു പലതുണ്ട്. അപ്പോൾ, തെററുപററാതെ കാക്കാൻ ഒരംഗീകൃതാധികാരസ്ഥാനം അവശ്യാവശ്യകമാണ്. അതാണു സഭയുടെ പാരമ്പര്യാധിഷ്ഠിതവും ബൈബിൾപ്രോക്തവുമായ പ്രബോധനം.

കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും (ചില വിഭാഗക്കാരൊഴികെ) ദൈവവചനമാണു വിശ്വാസത്തിൻെറ ഉറവിടമെന്നു സമ്മതിക്കുന്നു. പ്രോട്ടസ്റ്റൻറുകാരൻ ദൈവവചനത്തിനു് ഒരതിർത്തി നിശ്ചയിക്കുന്നു. വിശുദ്ധഗ്രന്ഥത്തിൽ ലിഖിതമായവമാത്രമേ അവൻ അംഗീകരിക്കുന്നുള്ളൂ. കത്തോലിക്കനാകട്ടെ, ലിഖിതവും അലിഖിതവുമായ ദൈവവചനത്തിൽ, മുഴുവൻ വെളിപാടിലും, വിശ്വസിക്കുന്നു. വ്യക്തിനിഷ്ഠവും വസ്തുനിഷ്ഠവുമായ കാരണ

ങ്ങളാൽ ബൈബിൾവായനക്കാരൻ തെററുപററാവുന്നതു കൊണ്ടും ആത്മരക്ഷ അപകടത്തിലാകാവുന്നതുകൊണ്ടും പ്രമാദരഹിതയായ ക്രിസ്തുസഭയുടെ ഔദ്യോഗികാധികാരത്തെ അയാൾ സയുക്തികം ആശ്രയിക്കുന്നു.

## ബൈബിൾമാത്രം പോരാ,

വിശ്വാസത്തിൻെറ ഏകാധാരമായിരിപ്പാൻ. കാരണം, ക്രിസ്തുവിൻെറ മൗതികശരീരമായ സഭയുടെ ഔദ്യോഗികപ്രഖ്യാപനങ്ങളിലൂടെയല്ലാതെ ബൈബിളിൻെറ അന്തഃസത്ത എന്തെന്നു ഗ്രഹിക്കുവാൻ നമുക്കു കഴിയുകയില്ല. ക്രിസ്തുനാഥൻതന്നെ ബൈബിൾ എഴുതുകയും നേരിട്ടു നമ്മെ ഏല്പിക്കുകയും ആയിരുന്നെങ്കിൽപോലും അതു സഭയുടെ ഐക്യത്തിനു് ഉറപ്പു പ്രദാനംചെയ്യുമെന്നു് കരുതേണ്ടതില്ല. സഭയുടെ ആദ്യകാലചരിത്രം ഇതിനു മതിയായ തെളിവു നല്കുന്നുണ്ടു്. ക്രിസ്തുവിൻെറ ദൈവികസ്വഭാവത്തേയും മററും സംബന്ധിച്ചു ചൂടുപിടിച്ച വാദപ്രതിവാദങ്ങൾ നടക്കുകയുണ്ടായി. ക്രിസ്തുവിൻെറ ദിവ്യത്വത്തെ നിഷേധിച്ച ആര്യൻ പാഷണ്ഡികളും പാഷണ്ഡതയെ ശക്തിയായി എതിർത്ത കത്തോലിക്കരും പറഞ്ഞു, തങ്ങളുടെ വാദമുഖങ്ങൾക്കു തെളിവു ബൈബിളിൽ സുലഭമെന്നു്. എന്നാൽ, ഒരന്ത്യതീരുമാനമെടുത്തതു് ഏ. ഡി. 325-ൽ നിഖ്യായിൽ സമ്മേളിച്ച വൈദികമേലദ്ധ്യക്ഷന്മാരുടെ കൗൺസിലാണു്. വിശ്വാസത്തിൻെറ വിവിധവശങ്ങളെസ്സംബന്ധിച്ചു് ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഈ കാലഘട്ടത്തിൽ പൊന്തിവന്നിട്ടുണ്ടു്. അവയെല്ലാം തീരുമാനമുണ്ടാക്കിയതു പാരമ്പര്യത്തെ ആദരിക്കുന്ന സഭയുടെ പൊതുസൂനഹദോസുകളാണു്. ആദ്യത്തെ ആറേഴു നൂററാണ്ടുകളിൽ വിശ്വാസത്തിൻെറ ആധാരം പാരമ്പര്യം കൂടി ആയിരുന്നെന്നു് ഇതിൽനിന്നു വ്യക്തമാകുന്നുണ്ടു്.

പക്ഷേ, പതിനാറാം നൂററാണ്ടിൽ ചിലർക്കു ബൈബിളിൻെറ വ്യാഖ്യാനത്തിനു സഭയുടെ അധികാരമോ അംഗീകാ

രമോ ആവശ്യമില്ലായിരുന്നു. അവരുടെ പെരുമാററം ശരിവ ച്ചാൽ പൗലോസ്ശ്ലീഹായ്ക്കു് അദ്ദേഹത്തിൻെറ ഒരു പ്രസ്താ വന തിരുത്തിയെഴുതേണ്ടിവരും. തിമോത്തിക്കുള്ള ഒന്നാം ലേ ഖനം മൂന്നാംഅദ്ധ്യായം പതിനഞ്ചാം വാക്യത്തിൽ അദ്ദേഹം പറയുന്നു, "സത്യത്തിൻെറ തൂണും അടിസ്ഥാനവും ജീവിക്കു ന്ന ദൈവത്തിൻെറ സഭയാകുന്നു" എന്നു്. പ്രോട്ടസ്റ്റൻറുകാ ക്കുവേണ്ടി അദ്ദേഹം എഴുതണം: സത്യത്തിൻെറ തൂണും അടി സ്ഥാനവും ബൈബിളാകുന്നു! ബൈബിളിൽ മാത്രം അധിഷ്ഠി തങ്ങളായ വളരെയധികം മതവിഭാഗങ്ങൾ നിലവിലിരിക്കു ന്ന ഇന്നു ബൈബിൾ സത്യത്തിൻെറ തൂണും അടിസ്ഥാന വും എന്നുപറയുന്നതു് എത്രമാത്രം നീതീകരിക്കത്തക്കതാ യിരിക്കും!

## കത്തോലിക്കർക്കു ബൈബിൾ നിഷിദ്ധമോ?

കുറെക്കാലത്തേക്കു സഭാവൈരികളും ചില സ്ഥാപിത താൽപര്യക്കാരും കൊട്ടിഘോഷിച്ചിരുന്നു സഭ ബൈബിളി നെതിരാണു്, ബൈബിൾപാരായണത്തെ നിരോധിക്കുന്നു, എന്നെല്ലാം. എന്നാൽ, ബൈബിളിനെ ലോകത്തിനു സമ്മാ നിച്ചതും അവികലം സംരക്ഷിച്ചുപോരുന്നതും കത്തോലി ക്കാസഭയാണെന്ന വസ്തുതയുടെ വെളിച്ചത്തിൽ ഇവ്വിധമൊ രാക്ഷേപം ബാലിശമാണെന്നു നമുക്കു കാണാം.

ബൈബിൾ സഭയുടെ അനർഘനിക്ഷേപമാണു്. സഭാ സന്താനങ്ങൾ ആ നിക്ഷേപത്തെ നിഷ്പ്രയാസം സമീപി ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സഭ എന്നും നിർദ്ദേശിച്ചുകൊടു ത്തിട്ടുണ്ടു്. ഇക്കാര്യത്തിൽ ചരിത്രപരമായ മൂന്നു കാലഘട്ട ങ്ങൾ നമുക്കു കാണാം. ക്രിസ്തുമതം ആദ്യം പ്രചരിച്ചതു സം സ്കാരസമ്പന്നരും സാമാന്യേന അഭ്യസ്തവിദ്യരുമായ ജനങ്ങ ളുടെ ഇടയിലാണു്. ബൈബിളിനാകെയുണ്ടായിരുന്ന ചുരു ക്കംചില കൈയെഴുത്തുപ്രതികൾ കളങ്കരഹിതമായും ന ഷ്ടപ്പെടാതെയും സൂക്ഷിക്കുന്നതിലായിരുന്നു അന്നു സഭയു

ടെശ്രദ്ധ ഏറെയും. ആരും തട്ടിക്കൊണ്ടുപോകാതെ പ്രസംഗപീഠങ്ങളോടു ചേർത്തുബന്ധിച്ചു ബൈബിൾ സൂക്ഷിക്കപ്പെട്ടിരുന്നു. ഒരു ദേശത്തു ചിലപ്പോൾ ഒരു കോപ്പിയായിരിക്കും ഉണ്ടായിരിക്കുക. ക്രൈസ്തവർ ഒന്നിച്ചുകൂടുന്ന സ്ഥലങ്ങളിൽ പൊതുവായി അതു വായിക്കപ്പെട്ടു. "വായനക്കാർ" (Readers) എന്നൊരു വിഭാഗംതന്നെ അന്നത്തെ ആത്മപാലകരുടെ ഇടയിൽ ഉണ്ടായിരുന്നു.

രണ്ടാമത്തെ കാലഘട്ടത്തിലും പ്രത്യേകിച്ച്, അപരിഷ്കൃതജനതയുടെ ആക്രമണകാലത്ത്, സഭയുടെ സംരക്ഷണം തുടർന്നുകൊണ്ടിരുന്നു. പപ്പീരസിൽ എഴുതപ്പെട്ട വേദഗ്രന്ഥങ്ങൾ വേഗം നഷ്ടപ്പെടാമായിരുന്നതുകൊണ്ടു സന്യാസിനീസന്യാസികൾ അവയെ തുകൽഷീറ്റുകളിൽ പകർത്തി സൂക്ഷിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിരുന്നു. ഇക്കാലത്ത് അക്ഷരജ്ഞാനമില്ലാത്ത അനേകംപേർ ക്രിസ്തുമതം സ്വീകരിച്ചു. അവർക്കുവേണ്ടി പടങ്ങളും മൊസായിക്ക് ചിത്രങ്ങളും നാടകവേദികളും ഉപയോഗത്തിൽവന്നു. എങ്ങനേയും ദൈവവചനത്തെ മനുഷ്യർ അറിയണമെന്നത്രേ സഭ ആഗ്രഹിച്ചത്.

മൂന്നാംകാലഘട്ടം അച്ചടിയുടെ കണ്ടുപിടിത്തത്തോടെ ആരംഭിച്ചു. ആദ്യത്തെ 50 കൊല്ലത്തിനിടയിൽത്തന്നെ ബൈബിളിൻെറ 124 പതിപ്പുകളുണ്ടായി. വിവർത്തനത്തിനു സാദ്ധ്യത വർദ്ധിച്ചു. പല ഭാഷകളിലും കുറഞ്ഞവിലയ്ക്കു ബൈബിൾ ലഭിക്കുമെന്നായി. വേദപുസ്തകത്തിൻെറ കോപ്പികൾ ധാരാളം ജനങ്ങളുടെയിടയിൽ പ്രചരിച്ചപ്പോൾ മാർപ്പാപ്പമാരുടെ ചാക്രികലേഖനങ്ങൾ പുറത്തുവന്നു, വേദപുസ്തകപാരായണത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട്. ഇതാണ്, ഇന്നുവരെ സഭ സ്വീകരിച്ച നിലപാട്.

ഇതിൽനിന്നു സഭ ബൈബിൾപാരായണത്തെ അങ്ങേയററം പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നെന്നു കാണാം. എന്നാൽ, ഇന്നത്തെ ഏതു ബൈബിൾ വിവർത്തനവും വായിക്കുവാൻ സഭ കത്തോലിക്കരെ അനുവ

ദിക്കുന്നില്ല. അതിനു തക്കതായ കാരണവുമുണ്ട്. ക്രിസ്തുവിൻെറ യഥാൎത്ഥവും കളങ്കരഹിതവുമായ പ്രബോധനങ്ങൾ, അവിടുത്തെ അനുയായികൾക്കു ലഭ്യമാകുന്നുണ്ടോ എന്നു കാണേണ്ടതു സഭയുടെ ചുമതലയാണ്. വേദപുസ്തകത്തിൻെറ വിവൎത്തനം ഒന്നുകിൽ പൂൎണ്ണവും ശരിയും മൂലഭാഷയുമായി ഒത്തുപോകുന്നതുമായിരിക്കും. അല്ലെങ്കിൽ, അപൂൎണ്ണവും അവ്യക്തവും മൂലഭാഷയുമായി ബന്ധം പുലൎത്താത്തതുമായിരിക്കും. അംഗീകൃതവിവൎത്തനങ്ങളിലുള്ള വേദപുസ്തകം വായിക്കുന്നതിനെ സഭ ഒരിക്കലും മുടക്കിയിട്ടില്ല. എന്നാൽ, അപൂൎണ്ണവും അവ്യക്തവും അപകടം നിറഞ്ഞതുമായ വിവൎത്തനങ്ങളെ സഭ നിരുത്സാഹപ്പെടുത്തുകയും നിരോധിക്കുകകയും ചെയ്തിട്ടുണ്ട്; ഭാവിയിൽ ഇതു തുടരുകയും ചെയ്യും.

ആധുനികഭാഷകളിലേക്കു ശരിയായി വിവൎത്തനം ചെയ്യപ്പെടാത്ത ബൈബിളിൻെറ പാരായണത്തെ നിരോധിക്കുന്ന പല കാനൻനിയമങ്ങളും നമുക്കു കാണാം. കാനൻ 1391 ഇപ്രകാരം പറയുന്നു: പരിശുദ്ധ സിംഹാസനത്തിൻെറ അംഗീകാരംകൂടാതെയോ സ്ഥലത്തെ മെത്രാൻെറ മേൽനോട്ടമില്ലാതെയോ മാതൃഭാഷയിൽ വിശുദ്ധ ഗ്രന്ഥത്തിൻെറ പതിപ്പുകൾ പ്രസിദ്ധീകരിക്കപ്പെടാവുന്നതല്ല. അതേസമയം സഭാപിതാക്കന്മാരുടേയും പ്രസിദ്ധരായ കത്തോലിക്കബൈബിൾപണ്ഡിതന്മാരുടേയും നോട്ടുകൾ(footnotes) സ്വീകരിച്ചിരിക്കുകയുംവേണം. അകത്തോലിക്കരുടെ മേൽനോട്ടത്തിൽ ഉണ്ടാക്കപ്പെട്ടതും പ്രസിദ്ധീകരിക്കപ്പെട്ടതുമായി മതഗ്രന്ഥങ്ങളുടേയും അവയുടെ വിവൎത്തനങ്ങളുടേയും ബൈബിളിൻെറ ഏതെങ്കിലും ഭാഷയിലേക്കുള്ള വിവൎത്തനത്തിൻേറയും ഉപയോഗം കാനൻ 1399–ൻപ്രകാരം നിരോധിക്കപ്പെട്ടിരിക്കുന്നു. ഈ നിയമങ്ങൾക്കു വിധേയരല്ലാത്തവർ ദൈവശാസ്ത്രമോ വിശുദ്ധലിഖിതമോ പഠിക്കുന്നവരും പഠിപ്പിക്കുന്നവരുംമാത്രമാണ്.

ഈ നിരോധനങ്ങൾ ബൈബിളിനെ നേരിട്ടു ബാധിക്കു

ന്നവയല്ലെന്നും ഏതെങ്കിലും കാരണത്താൽ അപൂർണ്ണമോ അപകടംനിറഞ്ഞതോ ആയേക്കാവുന്ന വിവർത്തനങ്ങളെയാണു ബാധിക്കുന്നതെന്നും സാമാന്യബുദ്ധിയുള്ള മനുഷ്യനു മനസ്സിലാക്കുവാൻ കഴിയും. പതിമ്മൂന്നാംനൂററാണ്ടുവരെ ഇപ്രകാരമുള്ള നിയമങ്ങൾക്കോ നിബന്ധനകൾക്കോ ആവശ്യമില്ലായിരുന്നു.

എന്നാൽ, അച്ചടിയന്ത്രത്തിൻെറ കണ്ടുപിടിത്തവും അതിനെത്തുടർന്നുണ്ടായ ബൈബിൾപ്പതിപ്പുകളുടെ അനവധികമായ വർദ്ധനവും ആർക്കുമാർക്കും വേദപുസ്തകത്തിൻെറ കോപ്പികൾ നിർമ്മിക്കാമെന്നു വന്ന നിലയും ചില നിബന്ധനകളെ അനിവാര്യമാക്കി.

അകത്തോലിക്കരുടെ ബൈബിൾവിവർത്തനത്തെക്കുറിച്ചു പറഞ്ഞയവസരത്തിൽ ഡിസ്രേലി ഇപ്രകാരം രേഖപ്പെടുത്തി: "നമുക്കു വളരെയധികം തെററുകൾ ഈ വിവർത്തനങ്ങളിൽ കാണാം. അവ വേദപുസ്തകത്തെ അബദ്ധജടിലവും ദൈവദൂഷണപരവുമാക്കിത്തീർക്കുന്നു; പ്രാർത്ഥിക്കുവാൻ വരുന്നവർക്ക് അവജ്ഞയ്ക്കു കാരണമായി ഭവിക്കുകയുംചെയ്യുന്നു." ഇപ്രകാരം ദൈവവചനത്തെ ദുരുപയോഗിക്കുകയും അവഹേളിക്കുകയും ചെയ്ത വിവർത്തനങ്ങളെയാണു സഭ കർശനമായി മുടക്കുന്നത്.

പാശ്ചാത്യസംസ്കാരത്തിൻെറ പുലരിയിൽ ലത്തീൻ ഭാഷാഭിജ്ഞന്മാർക്കു ബൈബിൾവായന നിഷിദ്ധമായിരുന്നില്ലായെന്നുള്ളതിനു കേംബ്രിഡ്ജ് മോഡേൺ ഹിസ്റ്ററി (പേജ് 639) സാക്ഷ്യം വഹിക്കുന്നു: ലാററിൻ ബൈബിളി(Vulgata)ൻേറതുപോലെ ഇത്രമാത്രം പതിപ്പുകൾ ഒരു പുസ്തകത്തിനുമുണ്ടായിട്ടില്ല. 15-ാം നൂററാണ്ടിനുമുമ്പുതന്നെ ഇതിൻെറ പൂർണ്ണമായ 98 പതിപ്പുകൾ ഭൂമുഖത്തു പ്രത്യക്ഷപ്പെട്ടിരുന്നു.

ലൂഥറിൻെറ വിവർത്തനം വെളിച്ചം കാണുന്നതിനുമുമ്പുതന്നേ ബൈബിളിൻെറ പതിന്നാലു വിവർത്തനങ്ങൾ ജർ

മ്മൻഭാഷയിലേക്കും അഞ്ചു വിവത്തനങ്ങൾ ഡച്ചുഭാഷയിലേക്കും നടന്നു കഴിഞ്ഞിരുന്നു. പ്രോട്ടസ്റ്റൻറുമതത്തിൻെറ മുന്നോടികളായ ജോൺ വിക്ലിഫൻേറയും ജോൺ ഹസ്സിൻേറയുമൊക്കെ്യു കാലത്തിനുമുമ്പേ ബൈബിളിൻെറ ഇംഗ്ലീഷ് വിവത്തനങ്ങൾ ഉണ്ടായിരുന്നു. ഈ യാഥാത്ഥ്യങ്ങളുടെ വെളിച്ചത്തിൽ, കത്തോലിക്കസഭ ബൈബിളിനെ ജനങ്ങളിൽനിന്നു മറച്ചുവയ്ക്കുന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നു മനസ്സിലാക്കാം. ഇന്നു ബൈബിൾ എല്ലാം ജീവൽഭാഷകളിലും സുലഭമാണ്. കത്തോലിക്കസഭ അതിൻെറ പ്രചാരത്തെ അംഗീകരിക്കുകമാത്രമല്ല, അതു വായിക്കുന്നതിനും ധ്യാനവിഷയമാക്കുന്നതിനും ജനങ്ങളെ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ പ്രസ്താവനയ്ക്കുപോൽബലകമാണ്, പതിമ്മൂന്നാം ലെയോ മാർപ്പാപ്പ ബൈബിൾപാരായണത്തെസംബന്ധിച്ചു സ്വീകരിച്ച നടപടി. 1898 ഡിസംബർ 13-ാംതീയതി, ദിവസം പതിനഞ്ചുമിനിട്ടുവീതം വേദപുസ്തകം വായിക്കുന്നവർക്കു 300 ദിവസത്തെ ദണ്ഡവിമോചനവും ഒരുമാസത്തേക്കു് എല്ലാദിവസവും വായിക്കുന്നവർക്ക് (പാപോച്ചാരണം, ദിവ്യകാരുണ്യസ്വീകരണം, മാർപ്പാപ്പായുടെ നിയോഗത്തിനായുള്ള പ്രാത്ഥന എന്നീ സാധാരണ നിബന്ധനകളോടുകൂടെ) ഒരു ണ്ണപൂർണ്ണദണ്ഡവിമോചനവും കല്പിച്ചനുവദിച്ചു.

സഭ ചില കാര്യങ്ങളിൽമാത്രം നിർബന്ധപൂവ്വകമായ നിഷ്കർഷ ചെലുത്തുന്നു: വിവത്തനങ്ങൾ ശരിയായ വിധം നിവ്വഹിക്കപ്പെടണം; വിഷമകരമായ ഭാഗങ്ങൾ ചെറിയ നോട്ടുകൾവഴി വ്യക്തമാക്കപ്പെടണം. അവ്യക്തമായ ഭാഗങ്ങൾക്കു തെററായ വ്യാഖ്യാനം കൊടുക്കാതിരിക്കുന്നതിനുള്ള ഒരു കരുതൽ നടപടിമാത്രമാണിതു്.

## ബൈബിളിൻെറ ഉള്ളടക്കം—ഉദ്ദേശ്യം

ഏകനും അരൂപിയും ആദികാരണവുമായ ദൈവം മനുഷ്യൻറംപ്പടെയുള്ള ചരാചരങ്ങളെ പടിപടിയായി സൃഷ്ടിച്ചുവെന്നും ഉൽകൃഷ്ടനായ മനുഷ്യൻ കല്പന ലംഘിക്കുകനിമിത്തം അധഃപതിച്ചുവെന്നും മനുഷ്യവർഗ്ഗത്തോടു ദൈവം എങ്ങനെ തുടർന്നു പെരുമാറിയെന്നുംമററും വിവരിക്കുന്ന പഴയനിയമത്തിൻേറയും, ദിവ്യകുമാരനായ ക്രിസ്തുവിൻെറ ജനനത്തേയും രക്ഷാകർമ്മത്തേയും സഭാസ്ഥാപനത്തേയുംകുറിച്ചു പ്രതിപാദിക്കുന്ന പുതിയനിയമത്തിൻേറയും പ്രധാനോദ്ദേശ്യം മതാത്മകമാണെന്ന് മുമ്പു സൂചിപ്പിക്കയുണ്ടായി.

ദൈവത്തേയും മതത്തേയും സംബന്ധിച്ച കാര്യങ്ങറം പ്രതിപാദിക്കുന്നതിന്നിടയിൽ ആനുഷംഗികമായി പാദാൎത്ഥികപ്രപഞ്ചത്തിൻെറ പ്രതിഭാസങ്ങളും മാനവചരിത്രവും ബൈബിളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, അതു് ഒരു പ്രകൃതിശാസ്ത്രഗ്രന്ഥമോ ചരിത്രപുസ്തകമോ അല്ല. അതിലെ ലൗകികപ്രമേയങ്ങറംക്കോ മതാത്മകപ്രബോധനങ്ങറംക്കു പോലുമോ, ആധുനികഗ്രന്ഥനിർമ്മിതിയുടെ അതിശാസ്ത്രീയമായ മാനദണ്ഡങ്ങറം വച്ചുനോക്കുമ്പോറം, അടുക്കംചിട്ടയും നിഷ്കൃഷ്ടതയും കാണുകയില്ല. ചരിത്രകാരനായ ടോയിൻബിയുടെ വസ്തുനിഷ്ഠതയും ശാസ്ത്രജ്ഞനായ ഹക്സ്ലിയുടെ നിരീക്ഷണപാടവവും ബൈബിറംരചയിതാക്കറംക്കുണ്ടായിരുന്നെന്നു കരുതുക അബദ്ധമായിരിക്കും. ദൈവനിവേശിതരെങ്കിലും അവർ വ്യക്തിത്വമുള്ള മനുഷ്യരായിരുന്നു. ദൈവത്തിൻെറ പ്രചോദനം ഫലപ്രദമായും പ്രമാദരഹിതമായും അവരെ ലക്ഷ്യത്തിലേക്കു നയിക്കുകയും കാക്കുകയും ചെയ്തെങ്കിലും അവർക്കു യഥാൎത്ഥ കർതൃത്വം നിഷേധിക്കുന്ന യാതൊന്നും സംഭവിച്ചിട്ടില്ല. താന്താങ്ങളുടെ അന്നന്നത്തെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ്, നിലവിലിരുന്ന ഭാഷാശൈലിയും പരമ്പരാഗതചരിത്രവും അറിവും ആവിഷ്കര

ണരീതിയും ഉപയോഗിച്ചുകൊണ്ടാണ്, അന്നവാചകരുടെ അഭിരുചിയും സംസ്കാരവും സാഹചര്യങ്ങളും മുമ്പിൽ കണ്ടുകൊണ്ടാണ്, അവർ ഗ്രന്ഥരചന നടത്തിയതു് എന്നസംഗതി ഊന്നിപ്പറയേണ്ടതുണ്ടു്. ജനകീയ കവികളുടെ ഭാവനയും അലങ്കാരപ്രിയവും അപാണ്ഡിത്യവും അവരിൽ ചിലർക്കുണ്ടായിരുന്നു. ചിലർ അങ്ങുമിങ്ങുമോ ആദ്യന്തമോ ഉപമയും രൂപകവും ഉപയോഗിച്ചിരിക്കും, മൗലികമായ ഉദ്ദേശ്യത്തിനു കോട്ടംതട്ടാതെ.

ഇക്കാര്യങ്ങൾ ഗ്രഹിക്കാതിരുന്നാൽ പലേ അബദ്ധങ്ങൾ പിണയാനിടയുണ്ടു്. മണ്ണു മെനയാൻ കയ്യോ ആരാധകരെ നോക്കാൻ കണ്ണോ പ്രാർത്ഥന കേൾക്കാൻ കാതോ ദൈവത്തിനുണ്ടോ? ബൈബിൾ പറയുന്നു, ഉണ്ടെന്നു്! ശാസ്ത്രത്തിന്റെ നിഗമനങ്ങൾക്കു വിപരീതമായി പഴയനിയമത്തിൽ കാണുന്നു, ദൈവം ആറുദിവസംകൊണ്ടാണു സകലതും തരം തിരിച്ചു സൃഷ്ടിച്ചതെന്നു്! ബൈബിൾ പ്രമാദരഹിതമെങ്കിൽ, സൂര്യൻ ഉദിക്കുന്നെന്നും അസ്തമിക്കുന്നെന്നും ജോഷ്വാപ്രാർത്ഥിച്ചതനുസരിച്ച് സൂര്യൻ അസ്തമിക്കാൻ തിടുക്കംകാട്ടാതെ ആകാശമദ്ധ്യത്തിൽനിന്നെന്നും മററും രേഖപ്പെടുത്തിയിരിക്കുന്നതു വിശ്വസിക്കേണ്ടതല്ലേ? ദൈവനിവേശിതഗ്രന്ഥത്തിൽ പേടിപ്പിക്കുന്ന ക്രൂരപ്രവൃത്തികൾക്കും നാണിപ്പിക്കുന്ന പാപകർമ്മങ്ങൾക്കും സ്ഥാനമെന്തു്? ചില കാലഗണനയിലും താവഴിക്രമത്തിലും പിഴപററാൻ പഴുതെന്തു്? ഇവ്വിധചോദ്യങ്ങൾക്കുള്ള മറുപടി സ്പഷ്ടമത്രേ.

വിശുദ്ധഗ്രന്ഥത്തിന്റെ കർത്താക്കൾക്കു തെററുപററിയെന്നു് ആരോപിക്കുന്നതിനുമുമ്പ് അവർ ഉപയോഗിച്ച ശൈലിപ്രയോഗങ്ങളുടേയും സാഹിതീരൂപങ്ങളുടേയുംമററും അടിയിൽക്കിടക്കുന്ന ഉദ്ദേശ്യമെന്താണെന്നു തീരുമാനിക്കണം. അതിനു്, ചരിത്രം, പുരാണവസ്തുഗവേഷണം, നരവംശശാസ്ത്രം തുടങ്ങിയവ കത്തിച്ചുവച്ച വിളക്കുമായി ഇരുണ്ടുകിടക്കുന്ന പ്രാചീനകാലങ്ങളിലേക്കും അപരി

ചിതദേശങ്ങളിലേക്കും വ്യാഖ്യാതാവ്, ആത്മനാ പുറപ്പെട്ടു ചെന്നു രചയിതാക്കളുമായി താദാത്മ്യം പ്രാപിക്കണം. അപ്പോൾ അവരുടെ പരിമിതികളും പരിതസ്ഥിതികളും രീതികളും ഇംഗിതങ്ങളും കൂടുതൽ വ്യക്തമാകും; ദൃശ്യവസ്തുക്കളുടെ ആന്തരികഘടനയോ ചരിത്രവസ്തുതകളുടെ ശാസ്ത്രീയാവിഷ്കരണമോ അല്ല, പ്രത്യുത, ആത്മരക്ഷയ്ക്കുതകുന്ന മതാത്മക കാര്യങ്ങളുടെ അകൃത്രിമ പ്രതിപാദനമായിരുന്നു അവരുടെ ലക്ഷ്യമെന്നു തെളിയും; തെററിദ്ധാരണകൾ മറയും. എഴുതാപ്പുറം വായിക്കാനും നില തെററി വാദിക്കാനും നാം പിന്നെ മിനക്കെടുകയില്ല.

## കത്തോലിക്കരും പ്രോട്ടസ്റ്റൻറ ബൈബിളും

സഭയുടെ ഔദ്യോഗികാംഗീകാരമില്ലാത്ത ബൈബിൾ (അകത്തോലിക്ക ബൈബിൾ) കത്തോലിക്കർ വായിച്ചുകൂടെന്നു കർശനമായ വിലക്കുണ്ട്. മുമ്പ് അക്കാര്യം സൂചിപ്പിച്ചതാണ്. വിശ്വാസത്തിനു ഏകാധാരമായി പ്രോട്ടസ്റ്റൻറുകാർ സ്വീകരിക്കുന്ന ബൈബിൾ, വിദഗ്ധന്മാരുടെ മേൽനോട്ടത്തിൽ നിർമ്മിക്കപ്പെട്ടതും ആദായത്തിനു കിട്ടുന്നതുമായ അഴകുള്ള അകത്തോലിക്ക ബൈബിൾ, എന്തുകൊണ്ടു വായിച്ചുകൂടാ എന്നു ചിലർ ചോദിച്ചേക്കാം.


കത്തോലിക്ക ബൈബിളും പ്രോട്ടസ്റ്റൻറു ബൈബിളും തമ്മിൽ കാതലായ വ്യത്യാസങ്ങളുണ്ട്. ഒന്നാമതു്, പ്രോട്ടസ്റ്റൻറുകാരുടെ പഴയനിയമത്തിൽ ഏഴുപുസ്തകങ്ങൾ [തോബിയാസ്, യൂദിത്ത്, ബോധജ്ഞാനം (Wisdom), പ്രഭാഷകൻ (Ecclesiasticus), ബാറുക്ക്, മക്കബായർ ഒന്നും രണ്ടും പുസ്തകങ്ങൾ] മുഴുവനായും രണ്ടെണ്ണം (എസ്റ്റേർ, ദാനിയേൽ) ഭാഗികമായും ഉൾപ്പെടുത്തിയിട്ടില്ല. അവ പ്രാമാണികമോ ദൈവനിവേശിതമോ അല്ല, വല്ലവർക്കും വേണമെങ്കിൽ അനുബന്ധമായി ചേർക്കാവുന്ന 'അപ്പോക്രിഫൽസ്' എന്നത്രേ അവരുടെ അഭിപ്രായം. അവർക്കു പല

സ്തീനയിലെ യഹൂദരുടെ ഹീബ്രു ബൈബിളാണ സ്വീകാര്യമായി തോന്നിയതു്. അതിൽ ആ ഏഴു പുസ്തകങ്ങൾ ഇല്ല താനും. കത്തോലിക്കാസഭയാകട്ടെ, അവയുൾപ്പെട്ട 45 പഴയനിയമഗ്രന്ഥങ്ങളും, അതായതു് അലെക്സാൻഡ്രിയായിലെ യഹൂദർ ഉപയോഗിച്ചിരുന്ന ഗ്രീക്കു ബൈബിൾ(Septuagint) മുഴുവനും, ദൈവനിവേശിതമെന്നു് അംഗീകരിക്കുന്നു. കാരണമുണ്ടു്. അപ്പസ്തോലന്മാരും പുതിയനിയമരചയിതാക്കളും പ്രധാനമായും ഗ്രീക്കുപഴയനിയമത്തിൽനിന്നാണു് ഉദ്ധരണികൾ എടുത്തിരിക്കുന്നതു്. ഇതിനർത്ഥം അവർ അതു് അംഗീകരിച്ചിരുന്നെന്നല്ലേ? ഉപരിയായി, മററു പഴയനിയമഗ്രന്ഥങ്ങളിൽനിന്നെന്നപോലെ മുൻപറഞ്ഞ ഏഴു പുസ്തകങ്ങളിൽനിന്നും അപ്പസ്തോലികകാലത്തേയും ആദ്യനൂററാണ്ടുകളിലേയും സഭാപിതാക്കന്മാർ വാക്യങ്ങൾ ഉദ്ധരിച്ചിരുന്നു. ക്ലെമെൻറു്, ബർണബാസ്, പോളിക്കാർപ്പ്, ഒരിജെൻ, ഇരനേയൂസ്, തെർത്തുലിയൻ മുതലായവരുടെ സാക്ഷ്യത്തെ ആർ ധിക്കരിക്കും? ബൈബിളിൻെറ ഏററം പഴക്കംചെന്ന പ്രതികളിലും ലിസ്ററുകളിലും ഈ ഏഴു പുസ്തകങ്ങളും കാണാം. ആദ്യ നാലുനൂററാണ്ടുകളിലെ ക്രിസ്തീയകല പരിശോധിച്ചാൽ, ഭൂഗർഭാലയങ്ങളിലെ ആലേഖ്യങ്ങൾ (തോബിയാസും മത്സ്യവും,സൂസന്ന,ദാനിയേലും ഭീകരസത്വവും, സിംഹക്കൂട്ടിലെ ഹബക്കുക്കും ദാനിയേലും,അഗ്നികുണ്ഡത്തിൽ മൂന്നു ബാലന്മാരോടുകൂടെ നില്ക്കുന്ന മാലാഖാ....) നിരീക്ഷിച്ചാൽ, വേറെയും തെളിവുകൾകിട്ടും. അപ്പോൾ നൂററാണ്ടുകളെ പിന്നിട്ടു സഭാപിതാക്കന്മാരിലൂടെയുംഅപ്പസ്തോലന്മാരിലൂടെയും ക്രിസ്തുവിനോളം ചെന്നെത്തുന്ന സജീവപാരമ്പര്യത്തിൻെറ സാക്ഷ്യമുണ്ടു് കത്തോലിക്കർക്കു്. പഴയനിയമഗ്രന്ഥങ്ങൾ 45-ഉം ഈശ്വരനിവേശിതമാണു്. അവയെല്ലാം പ്രോട്ടസ്റ്റൻറു ബൈബിളിലില്ല.

പ്രോട്ടസ്റ്റൻറു ബൈബിൾ വായിച്ചുകൂടാ എന്നു പറയുന്നതിനു രണ്ടാമത്തെ കാരണം തർജ്ജമ അവിടെയുമി

LIBRARY 16300

വിടെയും കോട്ടിമാട്ടിയിട്ടുണ്ട് എന്നതാണ്. ഉദാഹരണത്തിന്, തന്റെ സിദ്ധാന്തങ്ങൾക്കൊപ്പിച്ച് ലൂഥർ ബൈബിളിൽചെയ്ത തോന്ന്യാസങ്ങൾ ചിലതെടുക്കാം. ലൂഥർക്കു ശുദ്ധീകരസ്ഥലത്തിലോ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയിലോ വിശ്വാസമില്ലായിരുന്നു. അതുകൊണ്ടു തർജ്ജമ മാററുകയല്ല, ഈ രണ്ടു തത്വങ്ങൾ ഉൾക്കൊള്ളുന്ന 'മക്കബായക്കാരുടെ പുസ്തകങ്ങൾ' (2 മക്ക. 12: 39-46) അപ്പാടെ പുറം തള്ളി! കൂടെ അഞ്ചെണ്ണവും, നാം മുമ്പു കണ്ടതുപോലെ. ആരിരിക്കുന്നു അരുതെന്നു പറയാൻ! ലൂഥറിന്റേയും നവീകരണക്കാരുടേയും വേറൊരു സിദ്ധാന്തം, ആദിപാപം വഴി മനുഷ്യന്റെ പ്രകൃതി സത്താപരമായി വഷളായിപ്പോയെന്നും ഇച്ഛ സ്വാതന്ത്ര്യമല്ലെന്നും അവനു സൽപ്രവൃത്തി ചെയ്യുക ഒരുവിധത്തിലും സാധ്യമല്ലെന്നും നീതീകരണം സിദ്ധിക്കുക വിശ്വാസംകൊണ്ടുമാത്രമെന്നുമത്രേ. പക്ഷേ, വി. യാക്കോബിന്റെ ഒരു ലേഖനഭാഗം എതിർ നില്ക്കുന്നു: "മനുഷ്യൻ വിശ്വാസംമാത്രംകൊണ്ടല്ല, പിന്നെയോ പ്രവൃത്തികൾകൊണ്ടു നീതീകരിക്കപ്പെടുന്നു എന്നു നീ കാണുന്നുവല്ലോ....പ്രാണനില്ലാത്ത ശരീരം എങ്ങനെ ചത്തതായിരിക്കുന്നുവോ അങ്ങനെതന്നെ പ്രവൃത്തികൾകൂടാതെയുള്ള വിശ്വാസവും ചത്തതാകുന്നു" (II, 24, 26). ലൂഥറിന് അരിശം കേറി: വി. യാക്കോബിന്റേതു 'വൈക്കോൽ ലേഖന'മായി! പൗലോസ്ശ്ലീഹാ പഴയനിയമം ഉദ്ധരിച്ചുകൊണ്ട് "നീതിമാൻ വിശ്വാസംമൂലം ജീവിക്കുന്നു" (റോമാ. 1, 17) എന്നെഴുതിയ വാക്യം ലൂഥർ "നീതിമാൻ വിശ്വാസംമൂലം മാത്രം ജീവിക്കുന്നു" എന്നാക്കി മാററി. റോമാക്കാർക്കുള്ള അതേ ലേഖനത്തിൽ പലയിടത്തും (റോമാ iii, 20, 28; iv, 15) ലൂതർ 'മാത്രം' തിരുകിക്കേററി. കത്തോലിക്ക വിമർശകന്മാർ ഈ കൃത്രിമത്തെ ചൂണ്ടിക്കാട്ടിയപ്പോൾ. ലൂഥർ കലി തുള്ളി: "മാത്ര"ത്തെക്കുറിച്ചു പാപ്പാമതക്കാരൻ മുറവിളികൂട്ടുകയാണെങ്കിൽ അവനോടു പറഞ്ഞേക്കൂ—'ഡോക്ടർ ലൂ



ജെ. വെട്ടിക്കുഴിച്ചാലിൽ

/220.13
81B

S. H. LEAGUE

XLII—VII